2017 ഫെബ്രുവരി 10
വാല്യം 10
ലക്കം 03

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# നന്ദിയുള്ളവരായി ദൈവത്തെ സേവിക്കുക: റവ. സി. സി. തോമസ്

**തിരുവല്ല:** നാം ലോകത്തോടും ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവാരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായ ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും റവ സി. സി തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് സഭയുടെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടന്നു വന്ന 94-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.



*തിരുവല്ലായിൽ നടന്ന ചർച്ച് ഓഫ് ഗോഡ് സഭയുടെ സഭയുടെ ജനറൽ കൺവൻഷന്റെ സമാപന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് മുഖ്യ സന്ദേശം നല്കുന്നു. പാസ്റ്റർ ജെ ജോസഫ്, പാസ്റ്റർ എം. കുഞ്ഞപ്പി തുടങ്ങിയവർ സമീപം.*

23-ാം തീയതി അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

ഒരാഴ്ചയായി നടന്നു വന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതു യോഗം, സഹോദരി സമ്മേളനം, ബൈബിൾ സ്കൂളിന്റെയും സെമിനാരിയുടെയും ബിരുദ ദാനം, പുത്രി

04

## ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി


പാസ്റ്റർ തോമസ് ഫിലിപ്പ്


ഡോ. ജെയ്സൻ തോമസ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഫെബ്രുവരി 16-19 പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ. ജെയ്സൻ തോമസ്, ഡോ. ബി. വർഗ്ഗീസ്, പാസ്റ്റർമാരായ വർഗ്ഗീസ് ഏബ്രഹാം, പി. എസ് ജോർജ്ജ്, വി.സി.യോഹന്നാൻ, ഇവാ. റെജി.കെ. തോമസ്, സിസ്റ്റർ ഷോളി വർഗ്ഗീസ് എന്നിവർ പ്രസംഗിക്കും. ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബിരുദ ദാന ശുശ്രൂഷ 16 വ്യാഴം രാവിലെ 9 മണിക്ക് ആരംഭിക്കും. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ഗായക സംഘത്തോടൊപ്പം നിരണം ഹീലിംഗ് മെലഡീസും ഗാനങ്ങൾ ആലപിക്കും. ബൈബിൾ ക്ലാസ്, പവർമീറ്റിംഗ്, ശുശ്രൂഷക കോൺഫ്രൻസ്, വനിതാസമ്മേളനം, സണ്ടേസ്കൂൾ യുവജനസമ്മേളനം, സ്നാനം എന്നിവ ഉണ്ടായിരിക്കും. ഞായറാഴ്ച സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.



## ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും

2016 ഡിസംബർ 11 മലയാള മനോരമയുടെ സപ്ലിമെന്റിൽ വന്ന കഥയാണ് ഞങ്ങളെ അഞ്ജലിയുടെ ഭവനത്തിൽ എത്തിച്ചത്. പാസ്റ്റർ ഗ്ലാഡ്സൻ വി. കരോട്ടുമൊത്ത് മാവേലിക്കര ചെറുകോലുള്ള ഭവനത്തിലെത്തിയ ഞങ്ങളെ സ്വീകരിച്ചത് അഞ്ജലിയുടെ പുഞ്ചിരിക്കുന്ന മുഖമാണ്. ആ പുഞ്ചിരിയുടെ പുറകിൽ വലിയൊരു കഥയുണ്ട്. അതാണ് വൈദ്യശാസ്ത്രം സാധ്യമല്ല എന്ന് പറഞ്ഞിടത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും കൊണ്ട് മരണത്തെ തോല്പിച്ച പെൺകുട്ടിയുടെ കഥ. അത് ആരെയും അത്ഭുതപരതന്ത്രരാക്കും. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ 14-ാം വയസ്സിൽ നൂറുമീറ്റർ ഓട്ടത്തിൽ ആലപ്പുഴ ജില്ലാ ചാമ്പ്യനായിരുന്ന അഞ്ജലി തുടർന്ന് ശരീരം നുറുങ്ങുന്ന വേദനയുമായി ഓടിത്തീർത്തത് ഒരു വ്യാഴവട്ടക്കാലം. വേദനയുടെ ദുരിതം തന്നെ വേട്ടയാടുമ്പോഴും പുഞ്ചിരിയോടെ ആ വേദനകളെ ആശ്ലേഷിച്ച അഞ്ജലി മറിയം മാത്യുവിന്റെ ജീവിതകഥ അവിശ്വസനീയമെന്ന് തോന്നുന്ന നിലയിൽ ഒരു ദൈവീക വിടുതലിന്റെ കഥ കൂടിയാണ്. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കുന്ന യേശുവിന്റെ സ്നേഹത്തിന്റെ കഥ.

വായിക്കുക -ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും
വായിക്കുക- രണ്ടാം ഭാഗം പേജ് 11

## സാക്ഷി



ഉപദേശ സംരക്ഷകർ പലരും ഉടായിപ്പ് ആണല്ലോ

*ആശയത്തേക്കാൾ ആമാശയം ആവശ്യമാക്കുന്നതിന്റെ കുഴപ്പമാണ്*

## കംപാഷൻ ഇന്റർനാഷണലിനോടുള്ള ഗവൺമെന്റ് നിലപാടിൽ മാറ്റമില്ല



പ്രകാശ് പി. കോശി മുംബൈ



**കു**ട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ജീവകാരുണ്യ സംഘടനയായ കംപാഷൻ ഇന്റർ നാഷണൽ (C. I) ഇന്ത്യയിലെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ സാധ്യത. വിദേശ നാണയ വിനിമയ പെരുമാറ്റചട്ട ലംഘനത്തിന്റെ പേരിൽ ഇന്ത്യാ ഗവൺമെന്റ് C. I-യെ കഴിഞ്ഞ വർഷം മാർച്ച് 28 മുതൽ നിരീക്ഷണ പട്ടികയിൽ പെടുത്തിയിരുന്നു. ഗവൺമെന്റിന്റെ സമ്മർദ്ദം മൂലം സംഘടനയ്ക്ക് ഇന്ത്യയിലേക്ക് സഹായം അയക്കാൻ കഴിഞ്ഞിരുന്നില്ല. C. I-യുടെ സഹായം ലഭിക്കുന്ന നൂറുകണക്കിന് സംഘടനകളിൽ കരുണ ബാലവികാസ് ട്രസ്റ്റ്, ചെന്നൈ, കംപാഷൻ ഈസ്റ്റ് ഇന്ത്യ എന്നീ സംഘടനകൾ വിദേശനാണയ വിനിമയ ചട്ടം ലംഘിച്ചു എന്നാരോപിച്ചാണ് C. I-യ്ക്ക് വിലക്ക് ഏർപ്പെടുത്തിയത്. ഈ രണ്ട് സംഘടനകൾ വിദേശ സഹായം മതം മാറ്റത്തിന് ഉപയോഗിച്ചു എന്നതാണ് ഗവൺമെന്റിന്റെ കണ്ടെത്തൽ.

നയതന്ത്ര തലത്തിൽ അമേരിക്കയിലെ പ്രമുഖർ സമ്മർദ്ദം ചെലുത്തിയെങ്കിൽ ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടിൽ മാറ്റമില്ല.

C. I-യുടെ സീനിയർ വൈസ് പ്രസിഡന്റ് സ്റ്റീഫൻ ഓക്ക്ലേ ഇന്ത്യയിൽ വന്നു വിദേശ കാര്യ സെക്രട്ടറി എസ്. ജയശങ്കറുമായി ചർച്ച നടത്തിയിരുന്നു. എന്നാൽ ഗവൺമെന്റ് എടുത്ത നിലപാടിൽ മാറ്റം വന്നില്ല.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഓരോ സംഘടനയും ഈ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാൻ നിർബന്ധിതരാണ്

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# പോരാട്ടം അവസാനിപ്പിക്കുക



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഐക്യതയാണ് ക്രിസ്തീയതയുടെ മുഖമുദ്ര. പിതാവ്, പുത്രൻ ഇവർ തമ്മിലുള്ള ബന്ധംപോലും ഐക്യതയുടെ ഉത്തമ ഉദാഹരണമാണ്. യോഹന്നാന്റെ സുവിശേഷം 17–ാം അദ്ധ്യായത്തിൽ പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിലെ തീവ്രതയും ഐക്യതയും ചൂണ്ടിക്കാട്ടുന്നു. അതേ ഐക്യത ശിഷ്യന്മാർക്ക് താനുമായുണ്ടാകണമെന്ന ആഗ്രഹവും ക്രിസ്തുവിന്റെ വാക്കുകളിൽ കാണുവാൻ കഴിയുന്നു. കർത്താവ് ദൗത്യനിർവ്വഹണത്തിനായി ശിഷ്യന്മാരെ അയക്കുമ്പോൾ അവിടെയും ഈരണ്ടുപേരെ അയക്കുന്നതായി കാണുന്നു. പ്രാർത്ഥനയിലും ഈ ഐക്യത ആവശ്യമാണെന്ന് കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു. നിങ്ങളിൽ രണ്ട് പേർ ഐക്യമത്യപ്പെട്ട് പ്രാർത്ഥിക്കുവാനും അതിലൂടെ പിതാവിൽ നിന്നും മറുപടി ലഭിക്കുമെന്നും കർത്താവ് പറഞ്ഞു.

ദൈവീക കൂട്ടായ്മ എന്നതുതന്നെ ദൈവവുമായുള്ള ബന്ധം സൂക്ഷിക്കുന്നതോടൊപ്പം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുന്നതുകൂടിയാണ്. ഈ കൂട്ടായ്മയും ഐക്യതയും ഊട്ടിയുറപ്പിക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ പങ്ക് വലുതാണ്. ഐക്യതയുടെ ആത്മാവ് എന്ന് പരിശുദ്ധാത്മാവിനെ വിളിക്കുമ്പോൾ അതിന് മറ്റൊരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ല.

പെന്തെക്കോസ്ത് സഭകൾ എന്നതുതന്നെ പരിശുദ്ധാത്മാവിന്റെ നിറവിലും നിയന്ത്രണത്തിലും മുന്നേറുന്ന പ്രസ്ഥാനങ്ങളാണ്. ഇത് നമ്മൾ ദിനംതോറും സ്വയം പറഞ്ഞ് ആശ്വസിക്കുന്നതാണോ എന്ന് ഇപ്പോഴത്തെ അവസ്ഥ കാണുമ്പോൾ തോന്നിപ്പോകും. ഐക്യതയെന്നത് മരുന്നിനുപോലും കാണാനില്ലാത്ത അവസ്ഥയാണ് നമ്മുടെ പ്രസ്ഥാനങ്ങളിൽ. ഇന്ന് ഗ്രൂപ്പിസവും കിടമത്സരവും ഏറ്റവും അങ്ങേയറ്റം എത്തിനിൽക്കുന്നു. പരസ്പരം പോരടിച്ച് മത്സരിക്കുന്നതിനിടയിൽ ശത്രു ജയം എടുക്കുന്നത് തിരിച്ചറിയാതെ പെന്തെക്കോസ്തുകാർ ആത്മീയ തിമിരം ബാധിച്ച് നിസംഗരായി മുന്നോട്ട് പോകുന്നു. അധികാരത്തിനും പണത്തിനും വേണ്ടി ഏതറ്റം വരെയും താഴുവാൻ പെന്തെക്കോസ്തുകാർക്ക് മടിയില്ലാതായിരിക്കുന്നു.

നിസാരകാര്യങ്ങൾക്കുപോലും കോടതിവ്യവഹാരവും ഗുണ്ടാ ആക്രമണവും നടത്തി സ്റ്റേജിൽ മാത്രം ഐക്യത പ്രസംഗിച്ച് ജനത്തിന്റെ കണ്ണിൽ പൊടിയിട്ട് പോകുന്ന ഇക്കൂട്ടർ ദൈവവചനത്തിൽ നിന്നും ദൈവത്തിൽ നിന്നും എത്രയോ അകലെയാണ്. സ്റ്റേജിൽപോലും കുത്തുപ്രസംഗങ്ങളും ഇകഴ്ത്തലുമായി മത്സരിക്കുകയാണ്.

നവമാധ്യമങ്ങൾ ശക്തിയാർജ്ജിച്ച ഈ കാലം പോലെ മറ്റൊരു കാലം ഇല്ല. ഏറ്റവും ദുരുപയോഗം ചെയ്യപ്പെടുന്നതും ഇന്ന് നവമാധ്യമമാണ്. എന്നാൽ നവമാധ്യമങ്ങളെ നന്നായി ഉപയോഗിക്കുന്ന ദൈവമക്കളുണ്ട്. സുവിശേഷീകരണത്തിനും മറ്റും വളരെ ബുദ്ധിപൂർവ്വം വിനിയോഗിക്കുന്നവർ ധാരാളം. എന്നാൽ നവമാധ്യമങ്ങൾ മലയാളി പെന്തെക്കോസ്തുകാരുടെ യുദ്ധഭൂമിയായി മാറുകയാണിന്ന്. ഉപദേശ സംരക്ഷണത്തിന്, അവകാശസംരക്ഷണത്തിന് ഇങ്ങനെ വിവിധ നിലകളിലാണ് പോരാട്ടം നടക്കുന്നത്. പരസ്പരമുള്ള ഈ പോരാട്ടം എല്ലാ സീമകളും ലംഘിച്ച് മുന്നേറുമ്പോൾ ശത്രുവിന് ആയുധം എത്തിക്കുകയാണ്. തന്റെ ശക്തിയുടെ രഹസ്യം നഷ്ടപ്പെടുത്തിയതോടൊപ്പം തന്റെ ശക്തിയും നഷ്ടപ്പെടുത്തിയ ശിംശോനെപ്പോലെയാണ് ഇന്നത്തെ പെന്തെക്കോസ്തിന്റെ അനുഭവവും. നമുക്ക് ഒരു മടങ്ങിവരവ് ആവശ്യമല്ലേ. കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ കഴിയാത്ത വിഡ്ഢികളായി എത്രനാൾ മുന്നോട്ട് പോകുവാൻ കഴിയും. ശിംശോനെപ്പോലെ ഒരു പ്രാർത്ഥനയും ഒരു മടങ്ങിവരവും നമുക്ക് അത്യാവശ്യം തന്നെ.

---

**Article**

# I love but...



**Binu Joseph Vadasserikara**

'First time in my life a person told that she likes me, how will I reject. Therefore I said yes.' Such relationships are bloomed without knowing the realities. Sometimes it occurs due to the sympathy, some closeness or just infatuation. Then finally decides to live together or get marry.

One cannot marry everyone he/she likes. The right decision should be taken. The divorces are increasing due to the wrong decisions or some painful past experiences.

Many youngsters don't know how to respond to their friends. Try to answer the questions below and take a decision.

¨ Are you old enough to marry?

¨ Are your parents willing for this relationship?

¨ Are you a person who seeks the will of God?

¨ Are you a person who gives importance to spiritual and social life than physical life?

¨Is this relationship suitable for your family?

¨If all the answers to the above questions are yes, then talk to your parents to speak about this marriage.

¨ Else the following should be your response.

¨ I am happy to have you as my sister/brother

¨ I like the will of God not others

¨ There is still time to think about such things

There are many things involved in marriage. The reasons for love affairs are:

**For Boys**

◈ Someone to love
◈ Time pass
◈ Sexual interest
◈ Taking revenge
◈ Cheating
◈ For a partner

**For Girls**

◈Someone to take care of
◈Get rid of boredom
◈For pocket money
◈Dreams of married life
◈To be seen as matured
◈Sexuality to a certain extent
◈For a status
◈ For timepass

Such reasons would lead a person to love affair. Some of them would be cheated and the relationship ends there.

**Bible says**

◈ God instituted marriage (genesis.1:27)

◈ Sex is a gift from God and it should happen only in married life. (Hebrews 13: 4)

◈ Sex outside marriage is sin (1 Corinthians 6:16)

◈ Unwanted sex forms guilt and disappointment in a person. (Psalms 51)

◈ God hates sexual sins (1 Corinthians 6:18)

◈ God accepts the sexual need of a man but exclusively for wedded life.

**Pre-owned vehicles**

We can see the boards of shops as pre-owned cars. They sell second hand cars. Once a man of God said, 'your partner should not feel that you are pre owned so you should keep your body and soul pure.' No one likes to buy a second had car after paying for a new car. Everyone likes new. Make sure that you live as a first hand. Live a holy life as a prepared bride (bride groom) for the bridegroom (bride).

**Consequences of wrong sexual relationship**

1. Disappointments and guilt
2. Feeling of loss and hatred
3. Unwanted pregnancies
4. Sexually transmitted diseases
5. Problems in married life
6. Unsatisfied sexual life

Therefore, avoid situations which lead you to sin, also take a decision to guard yourself.

**To know**

Guard your life as so many sexually transmitted diseases like AIDS are common in these days. Many times our parents or church will not guide us. Know that you are the sole responsibility for your life.

◈ Keep distance from people of opposite sex and also deal decently with them.

◈ Understand the danger of sexually transmitted diseases and avoid sex outside marriage.

◈ Patiently wait for the time of God for marriage.

◈ Believe that God can provide a right partner for you.

◈ Never desire to have a partner who is like someone else. Select according to the will of God

◈ Don't expect a perfect partner rather accept the weaknesses in them.

This dialogue might sound humorous but it is not possible to get a perfect person in this world. Many try to escape from love affairs after some time. But they will not be able to come out of it. According to the counseling reports almost 90% of students in schools in Kerala has or had love affairs. This will wrongly influence their studies and other areas of their life.

**Today if you are in mistake or sin**

Many get awareness of the consequences only after they are in trouble. Sometimes it might be too late for them to recover. But I want to tell you that you can be rescued. Where there is a will there is a way. Many made the situation by themselves and they are now trapped. But other 10% are in this situation unexpectedly. How we respond to such situations matter.

Travelling alone with some friends or to some places can lead to mistakes. If we are careful we can save ourselves from being fallen to sin. Avoid situation that can lead you astray. Avoid wrong thoughts. Analyze how your inner man is responding.

**Medias** control today's society. The exaggeration of media has been a major source of sex trade. The role of

05

എനിക്കും പറയാനുണ്ട്

# ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വളരെ വർഷങ്ങൾക്കുശേഷമാണ് ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ സജീവമായത്. മീഡിയ കൺവീനർ എന്ന നിലയിൽ ആദിയോടന്തം പങ്കെടുത്തു. ചർച്ച് ഓഫ് ഗോഡിലെ ഓവർസിയർമാരുടെ ഏകാധിപത്യ സ്വഭാവമെല്ലാം പ്രതിഫലിക്കുന്ന ഇടമാണ് കൺവൻഷൻ വേദി. എന്തിനും ഏതിനും മൈക്കിന് മുമ്പിൽ നിന്ന് മാറാതെ നിൽക്കുന്ന ഓവർസിയർമാരെയാണ് മുൻകാലങ്ങളിൽ കണ്ടിട്ടുള്ളത്. മൂത്രപുരയുടെ കാര്യം വരെ അനൗൺസ് ചെയ്യുന്ന ഓവർസിയർമാർ ഇവിടെ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇക്കുറി സ്ഥിതിമാറി. കൂട്ടായ പ്രവർത്തന ശൈലിയും മിതത്വവും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന സ്വഭാവവുംകൊണ്ട് പാസ്റ്റർ സി. സി. തോമസ് വ്യത്യസ്തനായി. ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെടുന്ന പ്രധാന കാരണങ്ങളിൽ ചിലത് തന്റെ ജാഡ ഇല്ലായ്മയും പ്രാർത്ഥനാജീവിതവുമാണ്. മണിക്കൂറുകൾ പ്രാർത്ഥനയ്ക്കായി വേർതിരിക്കുന്ന തന്റെ ജീവിതശൈലി അനുകരണീയമാണ്. പ്രാർത്ഥനയുടെ ഫലം കൺവൻഷന്റെ ആദ്യദിനം മുതൽ ശ്രദ്ധിക്കപ്പെട്ടു. പരിശുദ്ധാത്മാവിന്റെ നിറസാന്നിധ്യം വളരെ നന്നായി പ്രതിഫലിച്ചു. അച്ചടക്കം, നല്ല ദൂതുകൾ, പരിശുദ്ധാത്മ നിറവിലെ ആരാധന, വൻ ജനപങ്കാളിത്തം ഇവയെല്ലാം എടുത്തുപറയേണ്ടതാണ്. മിക്ക പ്രസംഗങ്ങളും ഒന്നിനൊന്ന് മെച്ചവും ജനത്തിന് അനുഗ്രഹവുമായിരുന്നു. ദൈവസഭയുടെ കൺവൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ ജനക്കൂട്ടമാണ് സമാപന സമ്മേളനത്തിൽ ഒഴുകിയെത്തിയത്.

ദൈവസഭയുടെ ഗായകസംഘം നന്നായി ആരാധന നയിച്ചു. പാസ്റ്റർമാരായ വൈ. റെജിയും, വൈ. ജോസും, പി. എസ്. രാജനും തങ്ങളുടെ ജോലി നന്നായി ചെയ്തു. ചിലരുടെ വ്യാമോഹങ്ങൾ നടപ്പിലാകാത്തതിന്റെ പ്രതിഫലനം ഇപ്പോൾ ചെറിയ തോതിൽ ഉണ്ടാകുന്നു. മുൻ ഓവർസിയർ അകറ്റി നിർത്തിയവരും അകന്നുനിന്നവരുമൊക്കെ കൺവൻഷന്റെ വിജയത്തിനായി ഒന്നിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തപ്പോൾ അസ്വസ്ഥത തോന്നുന്നത് സ്വാഭാവികം. എത്ര കൊണ്ടിട്ടും പഠിക്കാത്ത ഇവർ ഇനി എന്ന് പാഠം പഠിക്കുമോ ആവോ. ദൈവത്തോട് മത്സരിക്കുന്ന ഇവർ ഇനി എന്ന് നന്നാകുമെന്ന് അറിഞ്ഞുകൂടാ.

സമീപകാലത്തെങ്ങും ഇത്രയും അനുഗ്രഹമായ കൺവൻഷൻ നടന്നിട്ടില്ലായെന്ന് വിശ്വാസികളും ശുശ്രൂഷകരും ഒന്നടങ്കം പറയുന്നത് സന്തോഷം പകരുന്ന കാര്യം തന്നെയാണ്. ദൈവത്താലാക്കപ്പെട്ട നേതൃത്വത്തെ തകർക്കുവാൻ ഒരു ശക്തിക്കും സാധ്യമല്ല. മാനുഷികമെങ്കിൽ മാത്രമേ അത് തകരുകയുള്ളൂ.

ദൈവസഭയുടെ ചരിത്രത്തിൽ സ്ഥാനം ഒഴിഞ്ഞ ഓവർസിയർമാർ അവരുടെ മാന്യത കാത്തുസൂക്ഷിക്കുകയും ഭരണത്തിലിരിക്കുന്ന ഓവർസിയറിനോട് ചേർന്ന് ശുശ്രൂഷകളിൽ സഹകരിക്കുകയും ചെയ്യുന്ന പതിവാണുള്ളത്. എന്നാൽ ഇക്കുറി അതിനും മാറ്റം വന്നിരിക്കുന്നു. കൺവൻഷൻ വിജയകരമായി പൂർത്തീകരിച്ചത് സഹിക്കുവാൻ പറ്റാഞ്ഞതിലാകാം ഭരണം ഒഴിഞ്ഞ ഓവർസിയറുടെ വക ചില സ്പോൺസേഡ് പ്രോഗ്രാമുകൾ അരങ്ങേറിയത്. തറ രാഷ്ട്രീയത്തിന്റെ ഭാഗമായി ഇറക്കിയ ഒരു പത്രം (പത്രം എന്ന് പറയുന്നത് തന്നെ നാണക്കേട്) വിതരണം ചെയ്ത് താനും ശിങ്കിടികളും ആശ്വാസം കൊണ്ടു.

ഇനി അതിൽ ലേഖന പരമ്പരയും തന്റെ വകയായി ഉണ്ടാകുമത്രെ. തനിക്കുശേഷം പ്രളയം എന്ന ചിലരുടെ ചിന്താഗതികൾ നടക്കുന്നില്ല എന്ന ആശാഭംഗം തന്നെ വല്ലാതെ നേരിട്ടു എന്നു തോന്നുന്നു. എന്തായാലും ഒരു യുദ്ധത്തിനു കോപ്പു കൂട്ടുന്നവരോട് പറയാനുള്ളത് ഒന്നുമാത്രം. നനഞ്ഞപടക്കങ്ങൾ യുദ്ധത്തിനു കൊള്ളില്ല.

ഏറ്റവും ദുഃഖകരമായ വാർത്തക്കാണ് ജനുവരിമാസം സാക്ഷ്യം വഹിച്ചത്. നാലു ദൈവദാസന്മാരാണ് അപകടത്തിലൂടെ ഈ ലോകത്തിൽ നിന്ന് വേർപെട്ടത്. കുമ്പനാട് കൺവൻഷനു വേണ്ടി വരവെ അപകടത്തിൽ പെട്ട ജോണിക്കുട്ടി പാസ്റ്ററുടെ മരണവും മകൾക്കുണ്ടായ മാരകമായ മുറിവുകളും നൊമ്പരമായി. ഐ.പി.സി. പ്രസ്ഥാനവും ദൈവജനവും ഉണർന്നു പ്രവർത്തിച്ചത് മാതൃകയായി. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ പൊതുവെ ഇത്തരം സാഹചര്യങ്ങളിൽ കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്. അപകടത്തിൽപെടുന്നവരെയും രോഗികളെയും സഹായിക്കുവാനുള്ള പദ്ധതി എല്ലാ പ്രസ്ഥാനങ്ങൾക്കും അത്യാവശ്യമാണ്.

രാജൻ പാസ്റ്ററും തന്റെ മകനും ഒരേ അപകടത്തിൽ മരണപ്പെട്ടതും കഴിഞ്ഞ ദിവസം ബൈക്കപകടത്തിൽ വൈക്കം ഐപിസി സെന്ററിലെ ബേബി പാസ്റ്റർ മരണമടഞ്ഞതും ദുഃഖവാർത്തകളായി. വർദ്ധിച്ചു വരുന്ന അപകടങ്ങളും അതിൽ പെട്ട് മരണമടയുന്ന വിശ്വാസികളുടെയും ശുശ്രൂഷകന്മാരുടെയും എണ്ണം വർദ്ധിക്കുന്നതും വേദനയോടെയാണ് കേൾക്കുന്നത്. നാം ഉണരണം പ്രാർത്ഥിക്കണം. എപ്പോൾ മരിക്കുന്നുവെന്നത് പുതിയനിയമ വെളിച്ചത്തിൽ വിഷയമല്ല. ആദിമ നൂറ്റാണ്ടുമുതൽ സഭയുടെ ചരിത്രം പഠിക്കുമ്പോൾ അപ്പൊസ്തലന്മാരും ആദ്യകാല വിശ്വാസികളുമൊക്കെ രക്തസാക്ഷികളായിട്ടാണ് നിത്യതയിലേക്ക് പോയത്. ചിലർ അപകടമരണങ്ങളെ ശാപമായി വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ അത് ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നിയിട്ടില്ല. കാരണം നമ്മുടെ ശാപങ്ങളെ കർത്താവ് കാൽവറി മരണത്തിലൂടെ നീക്കി. ക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെ ശാപവിമുക്തി നമുക്ക് ലഭ്യമാണ്. എന്നാൽ പൈശാചിക പോരാട്ടങ്ങൾ ഇല്ല എന്ന് അതിനർത്ഥമില്ല. തകർക്കുവാനും മുടിക്കുവാനും വരുന്ന പിശാചിനെക്കുറിച്ച് കർത്താവ് പഠിപ്പിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടാണ് നാം ഉണർന്ന് പ്രാർത്ഥിക്കണം എന്ന് ഞാൻ അർത്ഥമാക്കിയത്. പ്രാർത്ഥനയിൽ ജാഗരിക്കുവാൻ ഈ നാളുകൾ നമ്മൾ ഉപയോഗിക്കണം. പ്രസംഗത്തെക്കാളും എഴുത്തിനേക്കാളും പാട്ടിനേക്കാളും എല്ലാം ശക്തവും പ്രയോജനവും പ്രാർത്ഥന തന്നെയാണ്.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

–തുടർച്ച–

തിമൊഥെയൊസ്



**അദ്ധ്യായം: 5**

ഒന്നു തിമൊഥെയൊസ് അഞ്ചാം അദ്ധ്യായം ഒന്നു മുതൽ ആറാം അദ്ധ്യായം പത്തൊമ്പത് വരെയുള്ള വേദഭാഗങ്ങളിൽ പ്രധാനമായും പരാമർശിക്കുന്ന വിഷയം തിമൊഥെയൊസിന്റെ ശുശ്രൂഷയാണ്. പ്രത്യേകിച്ച് ഇടയൻ എന്ന നിലയിൽ ആടുകളോടുള്ള കർത്തവ്യം. സഭ എന്നാൽ വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്, ആ സഭയെ പുതിയനിയമത്തിൽ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ പല പേരുകളിലാണ് അറിയപ്പെടുന്നത്.

* സഭ ക്രിസ്തുവിന്റെ ശരീരം

* സഭ ദൈവത്തിന്റെ ആലയം

* സഭ ക്രിസ്തുവിന്റെ മണവാട്ടി

* സഭ ദൈവത്തിന്റെ മുന്തിരിത്തോട്ടം

* സഭ ദൈവത്തിന്റെ കുടുംബം

പൗലോസ് തിമൊഥെയൊസിന് എഴുതിയത് ദൈവത്തിന്റെ ആലയമായ സഭയിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിനായിട്ടാണ്. സഭ എന്നത് ക്രിസ്തുവിന്റെ ശരീരമാണ് ക്രിസ്തു സഭയുടെ തലയുമാണ്. ക്രിസ്തുവിന്റെ സഭയ്ക്കുണ്ടായിരിക്കേണ്ട ഭരണക്രമത്തെക്കുറിച്ചും സഭയിലുള്ള പരസ്യാരാധനെക്കുറിച്ചും അതിൽ വിശ്വാസം പ്രായോഗികതലത്തിൽ എപ്രകാരമായിരിക്കേണം എന്നുള്ളത് വ്യക്തമാക്കുകയാണ് ഈ അദ്ധ്യായത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്.

സഭാപ്രവർത്തകൻ, സഭാപ്രവർത്തനം ഏതു വിധത്തിലായിരിക്കണം എന്നും സഭാജനത്തോട് എങ്ങനെപെരുമാറണം എന്നും ഇവിടെ പ്രസ്താവിക്കുന്നുണ്ട്. ചിലരെ ശാസിക്കണം, ചിലരെ അനുമോദിക്കണം പ്രായം കുറഞ്ഞവർ പ്രായം കൂടിയവരെ ശാസിക്കുകയും ശകാരിക്കുക ചെയ്യുന്നത് തീർച്ചയായും തെറ്റാണ് അത് ദൈവസഭയ്ക്ക് അനുവദിനയമല്ലാ എന്നാൽ കൂട്ടായ ചില തീരുമാനങ്ങളും പ്രവർത്തനങ്ങളും ചെയ്യുമ്പോൾ ചില സാഹചര്യങ്ങളിൽ തെറ്റുകാണിമ്പോൾ ശാസിക്കേണ്ടിവരും എന്നത് സത്യമാണ്. എന്നാൽ എപ്പോഴും വഴക്കുപറയുകയും പരിഹസിക്കുകയും ചെയ്യുന്നത് തെറ്റാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രായമായവരെ എങ്ങനെ പരിചരിക്കണം എന്നുള്ളതാണ് സഭയിലെ ചില അംഗങ്ങളുടെ പെരുമാറ്റങ്ങളും ഇടപാടുകളും പൗലോസിനെ വേദനിപ്പിച്ചുണ്ടാകാം. ഇവിടെ പ്രായവും ലിംഗവും വ്യക്തമാക്കുന്നുണ്ട്. കോപവും അവജ്ഞയും ഉള്ള ശാസന ഫലകരമല്ല, സ്നേഹത്തിലുള്ള ശാസന ഫലം ഉളവാകും. വ്യക്തി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് മറ്റുള്ളവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. സഭാ ശുശ്രൂഷകനെ മറ്റുള്ളവർ ബഹുമാനിക്കണം എന്നു ചിന്തിക്കുന്നത് സ്വഭാവികമാണ്. സഭാ ശുശ്രൂഷകൻ മറ്റുള്ളവരെ ബഹുമാനിപ്പാനും പ്രത്യേകം ശ്രദ്ധിക്കേണം. സമപ്രായക്കാരോട് സഹോദര്യ മനോഭാവം പുലർത്തണം. സ്ത്രീ പുരുഷബന്ധങ്ങളിൽ പൂർണ്ണ നിർമ്മലത പാലിക്കുകയും വേണം.

ക്രിസ്തീയ വിശ്വാസികൾ ഒരു കുടുംബം പോലെ കഴിയണം, കുടുംബം എന്നു പറയുമ്പോൾ പിതാവ്, മാതാവ്, മക്കൾ എന്നിവർ അടങ്ങിയതാണ്. ഓരോരുത്തർക്കും അവരവരുടെതായ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളുമുണ്ട്. കുടുംബത്തിൽ മൂത്തവ്യക്തിയാണ് പിതാവ്. അപ്പോൾ മൂത്തവരെ പിതാവിനെപ്പോലെ കാണണം. മൂത്തവരെ കുറിച്ച് ബൈബിൾ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക, നരച്ചവന്റെ മുമ്പാകെ എഴുന്നേല്ക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം, ലേവ്യ19:32. ശലോമോൻ പറയുന്നത്, യൗവ്വനക്കാരുടെ ശക്തി അവരുടെ പ്രശംസ, വൃദ്ധന്മാരുടെ നര അവരുടെ ഭൂഷണം, സദൃശ്യ:20:29, വിലാ:5:12. അപ്പോൾ മൂത്തവരോടും ഇളയവരോടും എപ്രകാരം പെരുമാറണം പിതാവിനെപ്പോലെയും ഇളയവരെ സഹോദരന്മാരെപ്പോലെയും മൂത്തസ്ത്രീകളെ അമ്മമ്മാരെപ്പോലെയും ഇളയസ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ സഹോദരികളെപ്പോലെയും. ഇന്നു സ്ത്രീകൾക്കു സ്വൈരമായി സഞ്ചരിക്കുവാൻ പറ്റിയ സാഹചര്യം ഇന്ത്യയിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ച് ഇന്ത്യയുടെ തലസ്ഥാന നഗരിയായ ഡൽഹിയിൽപോലും നടക്കുന്നില്ല. സ്ത്രീകളുടെ സുരക്ഷ ഇന്നു വലിയൊരു പ്രശ്നമാണ്, യൗവ്വന പ്രായമുള്ളവരെയും വൃദ്ധരെയും വയോധികരെയും ലൈംഗീകമായി ഉപയോഗിക്കുകയും ചെയ്യുന്ന എത്രയെത്ര വാർത്തകൾ ദിവസം തോറും നാം പത്രങ്ങളിലും മറ്റും വായിക്കുന്നു. ഇന്നു സ്ത്രീകളെ പീഡിപ്പിക്കുന്ന ഒട്ടേറെ കേസുകൾ പ്രത്യേകിച്ച് ഒറ്റയ്ക്കു താമസിക്കുന്ന പ്രായം ചെന്നവരെപ്പോലും വെറുതെ വിടാത്ത ഒരു കാലഘട്ടമാണ്. അതുപോലെ തന്നെ സ്ത്രീകളും ഇന്നും ഇതുപോലെയുള്ള അനേക കേസുകളിൽ പുരുഷന്മാരെ വിവാഹം കഴിച്ചു കുടുക്കി പണം തട്ടുന്നു. പല കല്ല്യാണം കഴിച്ചു പലരിൽ നിന്നും സ്വർണ്ണവും പണവും കവർന്നതിനുശേഷം മുങ്ങുന്നു. ഇങ്ങനെയുള്ള വാർത്തകൾ സാധാരണ വാർത്തകളായി മാറുകയാണ്. ചുരുക്കത്തിൽ ആരെയും വിശ്വസിക്കുവാൻ പറ്റാത്തതും കഴിയാത്തതുമായ സാഹചര്യവും സമയവും ആയിമാറിയിരിക്കുകയാണ്.

ഇളയ സ്ത്രീകളെ കാണണ്ടേത് എപ്രകാരം എന്നു പൗലോസ് പറയുന്നുണ്ട്. അത് പൂർണ്ണനിർമ്മലതയോടെ... പൂർണ്ണനിർമ്മലതയോടെ ഇളയ സ്ത്രീകളെ കാണണമെങ്കിൽ ധാരാളം കാര്യങ്ങൾ ചെയ്യണം. സ്വയനിയന്ത്രണം, പ്രാർത്ഥന, ബൈബിൾ വായന, ധ്യാനം, ക്രമീകരണം എന്നിങ്ങനെ പലകാര്യങ്ങൾ ചെയ്യുമ്പോൾ മാത്രമേ ഇന്ദ്രീയജയം പ്രാപിക്കുവാൻ കഴിയുകയുള്ളൂ. മനുഷ്യന്റെ പഞ്ചേന്ദ്രിയത്തിലൂടെ പല പാപങ്ങളും ചെയ്യുന്നത് അതുകൊണ്ട് ബൈബിൾ ശക്തമായ ഭാഷയിൽ ഈ വിഷയത്തെക്കുറിച്ച് പറയുന്നുണ്ടവ. സദൃശ്യവാക്യത്തിൽ ഈ വിഷയത്തിൽ ജയം പ്രാപിക്കുവാൻ നൽകുന്ന ചില പ്രബോധനങ്ങൾ ശ്രദ്ധിക്കുക.

1. നോട്ടം ഒഴിവാക്കുക, സദൃശ്യ: 6:25, ഇയ്യോബ്31:1
2. മുഖസ്തുതി ഒഴിവാക്കുക, സദൃശ്യ:5:3
3. ചിന്തകളെ ഒഴിവാക്കുക, സദൃശ്യ:6:25
4. വീട് ഒഴിവാക്കുക, സദൃശ്യ: 7:25–27
5. സ്പർശനം ഒഴിവാക്കുക, സദൃശ്യ:7:13
6. സംഗമസ്ഥാനം ഒഴിവാക്കുക, സദൃശ്യ:7:7–13

മുകളിൽ പറഞ്ഞക്കാര്യങ്ങൾ ഒഴിവാക്കിയാൽ പൂർണ്ണവും നിർമ്മലമായ മനസ്സോടും മനഃസാക്ഷിയോടും നിർമ്മലതയോടും ഇളയ സ്ത്രീകളെ കാണാൻ കഴിയും.

പൗലോസ് തിമൊഥെയൊസിനു എഴുതുമ്പോൾ പൗലോസ് എഫെസൊസിലെ സഭയെയും ഉദ്ദേശിച്ചുകൊണ്ടാണ് പ്രായമുള്ളവരെയും സ്ത്രീകളെയും കാണേണ്ടത് ശരീരം കൊണ്ടും മനസ്സും കൊണ്ടും വിശുദ്ധവും ശുദ്ധവും ആയിരിക്കമം. അതിനുശേഷം പൗലോസ് വിധവമാരെ കുറിച്ച് ചില പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയാണ്. അവരെ പ്രത്യേകം കരുതണം. വിധവകൾ രണ്ടുതരത്തിലുണ്ട്–

1. ഭർത്താവ് മരിച്ചു പോകുന്നതിനാൽ
2. വിജാതിയരുടെ ഇടയിൽ ബഹുഭാര്യത്വം നിലനിന്നിരുന്ന കാലഘട്ടത്തിൽ പലഭാര്യമാർ ഉള്ളവർ ക്രിസ്തീയ വിശ്വാസിയായപ്പോൾ ഒരു ഭാര്യയെ സ്വീകരിക്കുകയും പതിവ് അക്കാലത്ത് നിലനിന്നിരുന്നു. അങ്ങനെ ഉപേക്ഷിക്കുന്നവർ ഭർത്താവില്ലാതെ വിധവകളായി സമൂഹങ്ങളിൽ കഴിയുമായിരുന്നു, ആ പശ്ചാത്തലത്തിലാണ് സാക്ഷാൽ വിധവന്മാരായിരിക്കുന്നു വിധവമാരെ മാനിക്ക എന്നു പറയുന്നത്.

(തുടരും..)

## ചോദ്യോത്തരവേദി

# സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നങ്ങളിൽ ബിഷപ്പുമാരുടെ ഉൽക്കണ്ഠ

**ചോദ്യം:** സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നത്തിൽ കത്തോലിക്കാ ബിഷപ്പുമാർ കൂടെ കൂടെ ഇടയലേഖനങ്ങളിറക്കിയിട്ടും സഭാംഗങ്ങൾ വേണ്ടത്രെ പ്രതികരിച്ചില്ല. സഭാംഗങ്ങളുടെ **ദൈവ വിശ്വാസത്തെപ്പറ്റി ഇപ്പോൾ ബിഷപ്പുമാർ വളരെയധികം ഉൽക്കണ്ഠപ്പെടുന്നുവെന്ന്** എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്യുന്നു. ഈ വിഷയത്തിൽ താങ്കളുടെ പ്രതികരണം അറിയുവാനാഗ്രഹിക്കുന്നു.

ആന്റണി, തൃശൂർ



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ഉത്തരം:** വിദ്യാഭ്യാസ പ്രശ്നം രാഷ്ട്രീയ പ്രശ്നമാണ്. അത് ഈ പംക്തിയുടെ പ്രസക്തിയിൽ വരുന്നില്ല.

കത്തോലിക്കാ സഭാംഗങ്ങളുടെ ദൈവ വിശ്വാസത്തിന്റെ (യേശുവിലുള്ള വിശ്വാസത്തിന്റെ) അളവറിയാൻ ബിഷപ്പുമാർ ചെറിയൊരു നിരീക്ഷണം നടത്തിയാൽ മതി. ഏതെങ്കിലും പ്രധാനപ്പെട്ട പള്ളിയിൽ പോയി കുറെ സമയം ഇരിക്കുക. ഭക്തരുടെ ഭക്തിയും വിശ്വാസത്തിന്റെ പ്രകടനങ്ങളും ശ്രദ്ധിക്കുക.

ദൈവമായ യേശുവിന്റെ സാന്നിദ്ധ്യമുണ്ടെന്ന് കരുതപ്പെടുന്ന വിശുദ്ധ കുർബ്ബാന അൾത്താരയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഏതെങ്കിലും വിശുദ്ധന്റെയോ വിശുദ്ധയുടെയോ പ്രതിഷ്ഠയും പള്ളിയിലുണ്ടാകും. ഭക്തരെല്ലാം വിശുദ്ധ കുർബ്ബാനയുടെ അടുത്തുപോകാതെ (യേശുവിന്റെ സന്നിധിയിൽ ചെല്ലാതെ) വിശുദ്ധന്റെ പ്രതിഷ്ഠയുടെ അടുത്തേക്കു മാത്രമാണ് പോകുന്നതു എന്ന് നേരിൽ കണ്ടു ബോദ്ധ്യപ്പെടാം.

ബിഷപ്പുമാരുടെയും പുരോഹിതരുടെയും വർഷങ്ങളായുള്ള തീവ്രമായ പ്രബോധനം മൂലം, പണ്ടുകാലത്തു ജീവിച്ചു മരിച്ച കുറെ നല്ല മനുഷ്യർ (വിശുദ്ധർ) യേശുക്രിസ്തുവിനേക്കാൾ പ്രശസ്തരും ജനപ്രിയരും ആയിക്കഴിഞ്ഞിരിക്കുന്നു. 'ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്ന ഈശോമിശിഹായിലോ' (നിത്യവിശ്വാസ പ്രമാണ പ്രകാരം) മരിച്ചുപോയ നല്ല മനുഷ്യരിലുള്ള വിശ്വാസമോ സഭാംഗങ്ങളിൽ വളർത്തേണ്ടതെന്ന് ബിഷപ്പുമാർ ചിന്തിക്കുക. ആദ്യം സ്വയം വിശ്വസിച്ച് നിറഞ്ഞു തുളുമ്പുക. തുളമ്പിയൊഴുകുന്നത് സഭാംഗങ്ങൾ ഏറ്റെടുത്തുകൊള്ളും. **അപ്പോൾ ഉൽക്കണ്ഠ ഇല്ലാതാകും.**

**വിഗ്രഹങ്ങളെ വണങ്ങാൻ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ച്:**

1. 'രൂപം കൊത്തിയ യാതൊരു കല്ലും നമസ്കരിക്കുവാനായി നിങ്ങളുടെ ദേശത്ത് നാട്ടരുത്... അവയ്ക്ക് മുന്നിൽ കുനിയരുത്. അതിനെ ആരാധിക്കരുത്'(ലേവ്യ. 26:1; പുറപ്പാട്20:1). വിഗ്രഹങ്ങൾ വിളി കേൾക്കയില്ല. രക്ഷിക്കയില്ല (യെശയ്യാവ് 46:7,8). മനുഷ്യന്റെ ഭാവനയിലും ശിൽപവിദ്യയിലും ദൈവരൂപത്തെ കാണരുത്(അപ്പൊ.പ്രവ:17:29) "വിഗ്രഹങ്ങൾക്ക് വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല. അവയ്ക്ക് ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല. അവയുടെ വായിൽ ശ്വാസവുമില്ല. അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെയാകുന്നു"(സങ്കീ:135:16-18). 'അവർ അതിനെ വെള്ളിയും പൊന്നും കൊണ്ട് അലങ്കരിക്കുന്നു; അത് ഇളക്കാതെയിരിക്കേണ്ടതിന് അവർ അതിനെ ആണിയും ചുറ്റികയും കൊണ്ട് ഉറപ്പിക്കുന്നു. അവ വെള്ളരിത്തോട്ടത്തിലെ തൂണുപോലെയാകുന്നു. അവ സംസാരിക്കുന്നില്ല. അവയ്ക്കു നടപ്പാൻ വഹിയാത്തതു കൊണ്ട് അവയെ ചുമന്നു കൊണ്ട് പോകണം. അവയെ ഭയപ്പെടരുത്; ഒരു ദോഷവും ചെയ്‌വാൻ അവയ്ക്കു കഴിയുകയില്ല; ഗുണം ചെയ്‌വാനും അവയ്ക്കു പ്രാപ്തിയില്ല"(യിരെമ്യാവ്10:4,5). വിഗ്രഹങ്ങൾക്ക് ഒരു ശക്തിയുമില്ലാത്തതുകൊണ്ടാണ് വിലയുള്ള വിഗ്രഹങ്ങളെല്ലാം കള്ളന്മാർ മോഷ്ടിച്ചു കൊണ്ടുപോകുന്നത്. വിഗ്രഹാരാധികൾ സ്വർഗ്ഗത്തിൽ പോകുകയില്ല(എഫെ:5:5; വെള:21:8) " ഞാൻ, ഞാൻ തന്നെ യഹോവ, ഞാനല്ലാതെ ഒരു രക്ഷകനില്ല(യെശയ്യാവ്43:11). "ഞാൻ എന്റെ മഹത്വം മറ്റൊരുവനും കൊടുക്കയില്ല"(യെശയ്യാവ്:48:11). മറ്റൊരുവനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല"(അപ്പൊ:പ്രവ:4:12).

**ഒരു വിഗ്രഹമുണ്ടാക്കിയ ശേഷം, അത് ദൈവമാണത് വിശ്വസിച്ച് വണങ്ങുമ്പോൾ സംഭവിക്കുന്നത്.**

1. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ധന്യനായ ഏകാധിപതിയെ നിസ്സാരനാക്കുന്നു.
2. സകലത്തെയും സൃഷ്ടിച്ചവനെ നമ്മുടെ കൈകൊണ്ടുള്ള ഒരു സൃഷ്ടിയാക്കുന്നു.
3. ജീവനുള്ളവനെ ശവമാക്കി ഇരുത്തുന്നു.
4. ആത്മാവായവനെ ജഡമാക്കുന്നു.
5. സർവ്വവ്യാപിയായവനെ ആണിയടിച്ചോ സിമന്റുകൊണ്ടോ ഒരിടത്ത് തളച്ചിടുന്നതായി നാം സങ്കല്പിക്കുന്നു.
6. സംസാരിക്കുന്നവനെ മൂകനാക്കുന്നു.
7. സർവ്വശക്തനെ ബലഹീനനാക്കുന്നു.
8. നമ്മെ വഹിക്കുന്നവനെ നമ്മൾ ചുമന്നുകൊണ്ട് എഴുന്നെള്ളിച്ച് നടക്കുന്നു.

**അടിക്കുറിപ്പ്:** എന്റെ ഒരു സുഹൃത്തിനുണ്ടായ അനുഭവം താഴെക്കുറിക്കുന്നു. എറണാകുളം ആലപ്പുഴ റോഡിൽ ചേർത്തലയ്ക്ക് തിരിയുന്ന സ്ഥലം. റോഡിന്റെ വലത്‌വശത്ത് ഒരു വടക്കേ ഇൻഡ്യൻ കുടുംബം പ്ലാസ്റ്റർ ഓഫ് പാരീസിൽ വിഗ്രഹങ്ങളുണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്നു. തലമുടിയും താടിയും വളർത്തി മുറുക്കിതുപ്പി ചുവന്ന കണ്ണുകളോട് ഗ്രഹനാഥൻ വിഗ്രഹങ്ങളുണ്ടാക്കുന്നു. പ്രകൃതം കണ്ടാൽ ലഹരിമരുന്നുകൾക്കടിമയാണെന്ന് തോന്നും. ഭാര്യയും മക്കളുടെയും പ്രകൃതം കണ്ടാൽ കുളിച്ചിട്ട് വർഷങ്ങളായെന്ന് തോന്നും. ഒരു യാത്രക്കാരൻ കാറ് നിർത്തി വിഗ്രഹങ്ങൾക്ക് വിലപേശുകയാണ്. യേശുക്രിസ്തുവിന്റേത് എന്ന് ലോകം സങ്കല്പിക്കുന്ന രൂപത്തിന് 700 രൂപ വില്പനക്കാരൻ ചോദിച്ചു. വിലപേശി യേശുവിന്റെയും ഒരു പട്ടിയുടെയും ഒരു കുതിരയുടെയും രൂപങ്ങൾക്ക് എല്ലാംകൂടി 200 രൂപയ്ക്ക് കച്ചവടം ഉറപ്പിച്ചു. ഇതിനെയാണോ നമ്മൾ ആരാധിക്കേണ്ടത്? വിഗ്രഹത്തിന് മുന്നിൽ കുനിയരുതെന്ന് കല്പനയുള്ളപ്പോൾ ആരെല്ലാം വെഞ്ചിരിച്ചാലും സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ പരിശുദ്ധാത്മാവ് അതിൽ ആവസിക്കുകയില്ല. അതല്ല ആർക്കെങ്കിലും വിഗ്രഹാരാധനയിൽ നിന്ന് ശക്തി ലഭിച്ചിട്ടുണ്ടെങ്കിൽ, അത് ദൈവാത്മാവിൻ നിന്നായിരിക്കില്ല. വേറെ പല ആത്മീയശക്തികളും ലോകത്ത് വ്യാപരിക്കുന്നുണ്ടല്ലോ.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്.....

കാ സംഘടനകളായ സണ്ടേസ്കൂളിന്റെയും- വൈപിഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉണർവ്വുയോഗം എന്നിവ നടന്നുവെന്ന് മീഡിയ കൺവീനറുമാരായ പാസ്റ്റർമാരായ സാംകുട്ടി മാത്യുവും, ഷൈജു തോമസും അറിയിച്ചു. തികഞ്ഞ ആത്മീക അന്തരീക്ഷത്തിൽ അച്ചടക്കത്തോടും നടന്ന കൺവൻഷന്റെ പ്രാരംഭ ദിനം മുതൽ തന്നെ പരിശുദ്ധാത്മ സാന്നിധ്യം കൺവൻഷൻ പന്തലിൽ ദൃശ്യമായിരുന്നു. പാസ്റ്റർമാരായ, ജോൺ തോമസ്, സണ്ണി താഴാംപള്ളം, ഡോ. ഷിബു സാമുവേൽ, ഷിബു തോമസ്, ഡോ. ഷിബു കെ മാത്യു, വൈ. റെജി, വൈ. ജോസ്, ഷൈജു തോമസ് ഞാറയ്ക്കൽ, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, പി. ആർ ബേബി, കാനം അച്ചൻ, തോമസ്കുട്ടി ഏബ്രഹാം, ടി. എം. മാമച്ചൻ, ഏ റ്റി ജോസഫ്, ക്രിസ്റ്റഫർ റ്റി രാജു, പി. എ ജെറാൾഡ്, ജോൺസൻ ദാനിയേൽ, വി. എം മധു, സാജൻ മാത്യു, തോമസ് എം പുളിവേലിൽ, ബാബു ചെറിയാൻ, വിനോദ് ജേക്കബ്ബ്, ഡോ. ഐസക് സൈമൺ, സജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. റിട്ടയർ ആയ ശുശ്രൂഷകന്മാരെ യാത്ര അയപ്പ് നല്കി ആദരിച്ചു. കഴിഞ്ഞ എട്ടു വർഷമായി ദൈവസഭയുടെ അസിസ്റ്റന്റ് ഓവർസിയറായിരുന്ന പാസ്റ്റർ പി. ജി മാത്യൂസ് ആ സ്ഥാനത്തു നിന്നും വിരമിച്ചതിനാൽ അദ്ദേഹത്തെയും യാത്ര അയപ്പ് നല്കി ആദരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ പ്രബല വിഭാഗമായ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷനാണ് എല്ലാ വർഷവും തിരുവല്ലായിൽ നടക്കുന്നത്. 172 രാജ്യങ്ങളിലായി പടർന്ന് പന്തലിച്ച് വിശാലമായി കിടക്കുന്ന ഈ പ്രസ്ഥാനം അതത് ഭാഷക്കാരുടെ ഇടയിൽ ശക്തമാണ്. ഈ സഭയ്ക്ക് മൂന്നു ലക്ഷത്തിലധികം അംഗങ്ങൾ കേരളത്തിലുണ്ട്.

# പെർസിക്ക്യൂഷൻ റിലീഫ് പ്രവർത്തകർ എ.ജി മലയാളം ഡിസ്ട്രിക്ട് കൺവൻഷനിൽ

**പുനലൂർ:** ഭാരതത്തിൽ ക്രിസ്തുനാമം നിമിത്തം പീഡിപ്പിക്കപ്പെടുന്നവരുടെ ആശ്വാസത്തിനും വിടുതലിനും വേണ്ടി ദൈവനാമ പ്രേരണയാൽ തുടക്കംകുറിച്ച് ഇതിനോടകം എണ്ണമറ്റ ഇടങ്ങളിൽ അനേകർക്ക് ആശ്വാസവും തണലുമായി തീർന്ന പെർസിക്ക്യൂഷൻ റിലീഫ് എന്ന സംഘടന കുമ്പനാട് തുടങ്ങിയ സഭാസംഘടനകളുടെ മഹായോഗ വേദികളിൽ സാക്ഷ്യം വഹിക്കുകയും അനേകർക്ക് ആത്മധൈര്യം പകരുകയും ചെയ്തിട്ടുണ്ട്. ഇത്തവണ എ.ജി മലയാളം ഡിസ്ട്രിക്ട് കൺവൻഷനിൽ 20-ാ തീയതി രാത്രിയിൽ അരമണിക്കൂറിൽ അധികം സമയം കർതൃനാമം നിമിത്തം കൊലചെയ്യപ്പെട്ട യൊഹാൻമാരിയായുടെ ഭാര്യ ഉൾപ്പെടെ അനേകരെ ഉൾപ്പെടുത്തി നടത്തിയ മീറ്റിംഗ് മലയാളി മനസ്സിൽ മറക്കാൻ കഴിയാത്ത അനുഭവമായി മാറി. നിറകണ്ണുകളോടെയാണ് വന്നുകൂടിയ ജനാവലി ഈ ആത്മീക മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചത്. സുവിശേഷ മഹായോഗത്തിന് പങ്കെടുത്തവരുടെ മുമ്പിൽ സാക്ഷ്യം വഹിച്ചത് പീഡിപ്പിക്കപ്പെട്ടവരുടെ കുടുംബത്തിന് ആത്മധൈര്യം പകർന്ന് നൽകി. ഇത്തരത്തിൽ പ്രധാനപ്പെട്ട സമയം അനുവദിച്ചതിന് സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ ശമുവേലിനോടും അസി.സൂപ്രണ്ട് പാസ്റ്റർ പി.എസ് ഫിലിപ്പിനോടും മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഈ യോഗം തൽസമയം സംപ്രേഷണം ചെയ്ത ഹാർവെസ്റ്റ് മീഡിയായ്ക്കും പെർസിക്യൂഷന്റെ ഫൗണ്ടർ പ്രസിഡന്റ് സുവി.ഷിബു തോമസ് നന്ദി അറിയിച്ചു. പ്രതികൂലം മാറാൻ അല്ല അതിൽ ആത്മധൈര്യത്തോടെ നിലകൊള്ളാൻ ദൈവജനം പ്രവർത്തിക്കണം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. പെർസിക്ക്യൂഷൻ ഇന്ത്യാ കോർഡിനേറ്റർ തോംസൺ തോമസ്, പാ.ഷാജി, പാ.സാബു എന്നിവർ പെർസിക്ക്യൂഷൻ ഫൗണ്ടർ സുവി. ഷിബു തോമസിനോടൊപ്പം പങ്കെടുത്തു.

BELIEVERS JOURNAL, Kandankeril Building , Kumbanad P.O.,
Thiruvalla - 689 457, Ph: 0469 2666995
*Website:* www. beljourn.com / *E-mail :* beljourn@gmail.com

## 01 കംപാഷൻ ഇന്റർ....

എന്ന് C. I-യുടെ പ്രതിനിധിയെ ഇന്ത്യൻ സംഘം അറിയിച്ചു. മാത്രമല്ല C. I-യുടെ വിദേശ നാണയ വിനിമയ ചട്ടലംഘനത്തിന്റെ തെളിവുകളും ഇന്ത്യൻ ഗവൺമെന്റ് ഉദ്യോഗസ്ഥർ സ്റ്റീഫൻ ഓക്കലെയെ കാണിച്ചു.

C. I-യുടെ സഹായം മൂലം നിലനിൽക്കുന്ന നൂറ് കണക്കിന് സംഘടനകൾ പ്രതീക്ഷയോടെ കാത്തിരുന്ന മീറ്റിംഗാണ് ഡിസംബറിൽ നടന്നത്. എന്നാൽ ഗവൺമെന്റ് ശക്തമായ നിലപാടെടുത്തത് മൂലം C. I-യ്ക്ക് ഇന്ത്യയിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ പ്രയാസമാണ്. അമേരിക്കയിലെ കൊളറാഡോ സ്പ്രിംഗിൽ 1952-ലാണ് C. I. സ്ഥാപിതമായ്. 1968 മുതൽ ഈ സംഘടന ഇന്ത്യയിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി അഞ്ഞൂറിലധികം സഭ / സംഘടനകളുമായി കംപാഷൻ ഇന്ത്യ ചേർന്ന് പ്രവർത്തിക്കുന്നു.

130,000 കുട്ടികളെ ഈ സംഘടന പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്നു.

കംപാഷൻ ഇന്ത്യയുടെ സഹായം ലഭിച്ച കരുണ ബാല വികാസ് ട്രസ്റ്റിനും കംപാഷൻ ഈസ്റ്റ് ഇന്ത്യയ്ക്കും മതപരമായ പ്രവർത്തനങ്ങൾ നടത്താൻ അനുമതിയില്ലെങ്കിലും വിദേശ സഹായം ഉപയോഗിച്ച് മതം മാറ്റം നടത്തി എന്ന് ഗവൺമെന്റ് കണ്ടെത്തി. എന്നാൽ കംപാഷൻ ഇന്ത്യ ഒരു ക്രിസ്തീയ സംഘടനയാണെന്ന് ഇവരുടെ വെബ്സൈറ്റിൽ കാണിക്കുന്നു.

കംപാഷൻ ഇന്ത്യയെ നിരീക്ഷണ പട്ടികയിൽ പെടുത്തിയപ്പോൾ ഗ്രീൻ പീസ് ഉൾപ്പെടെ 22 വിദേശ സംഘടനകളും ഈ പട്ടികയിൽ ഉണ്ടായിരുന്നു.

## 01 അമേരിക്ക ഇന്ത്യ ഇസ്രയേൽ...

കതയിൽ ഊന്നുന്ന നയസമീപനത്തിനു ഇന്ത്യ രൂപംകൊടുക്കണത്. അന്താരാഷ്ട്ര രംഗത്ത് ഇന്ത്യ അനുവർത്തിക്കാറുള്ള ഐഡിയോളജിക്കൽ സമീപനത്തിൽനിന്നു വ്യത്യസ്തമാണ് ഈ പുതിയ നയം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വലതുപക്ഷം എന്നോ ഇടതുപക്ഷം എന്നോ ട്രംപിനെ ലേബൽ ചെയ്യരുത്. പകരം പ്രസിഡന്റ് എന്നനിലയിൽ അദ്ദേഹത്തിന്റെ മുൻഗണനകൾ മനസ്സിലാക്കി, ആശയങ്ങളുടെ കെട്ടുപാടുകളില്ലാത്ത ഉടമ്പടികളിൽ ഏർപ്പെടുക എന്നതാണ് അത്. ഇന്ത്യയുടെ ഏറ്റവും പ്രമുഖ നയതന്ത്രലക്ഷ്യം ബലൂചിസ്ഥാൻ ആയിരിക്കണം. ബലൂച് സ്വാതന്ത്ര്യപ്രസ്ഥാനത്തെ പിന്തുണച്ച്, പാക്കിസ്ഥാനിൽ നിന്നു ബലൂചിസ്ഥാനെ സ്വതന്ത്രമാക്കുന്നത് ഒരു ഗെയിം ചേഞ്ചർ ആയിരിക്കുമെന്നു ട്രംപിനെ ബോധ്യപ്പെടുത്തുക. അമേരിക്കയുടെ സൈനിക ഇടപെടൽ വഴി ഈ മേഖലയുടെ ഭൂപടം തന്നെ ശാശ്വതമായി മാറ്റിയെഴുതപ്പെടും. അഫ്ഗാനിസ്ഥാന്, ബലൂചിസ്ഥാൻ വഴി സമുദ്രഗതാഗതം തുറന്നുകിട്ടും; സൈനിക വിന്യാസത്തിനു അമേരിക്കയ്ക്കു പാക്കിസ്ഥാനെ ആശ്രയിക്കേണ്ടി വരില്ല. അങ്ങനെ മദ്ധ്യപൂർവ്വ ദേശത്തേക്ക് ഒരു പുതിയ പാത തുറന്ന് കിട്ടുകയും ചെയ്യും. അത് അന്ത്യകാലയുദ്ധത്തിന് ഏറെ പ്രയോജനപ്പെടുകയും ചെയ്യും. അങ്ങനെ ബ്രെക്സിറ്റും ട്രംപിന്റെ പ്രസിഡന്റ് പദവിയും, ആഗോളവും തദ്ദേശീയവുമായ ഘടകങ്ങൾ തമ്മിലുള്ള ബന്ധം പുനർനിർവചിക്കാൻ വിവിധ രാജ്യങ്ങളെ പ്രേരിപ്പിക്കും. അങ്ങനെ വേദപുസ്തക പ്രകാരമുള്ള പുതിയ അച്ചു തണ്ടു ശക്തികൾ ലോകത്തിൽ ഉടലെടുക്കും. അപ്പോൾ യേശുക്രിസ്തുവിന്റെ വരവ് സംഭവിക്കും.

ലേഖനം

# ആത്മാവിൽ കൊയ്യുക



**പാസ്റ്റർ കെ. ജെ. മാത്യു**

മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും; ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും ഗലാ:6:7:8.

രണ്ടു വിധത്തിലുള്ള വിതയെയും രണ്ടു വിധത്തിലുള്ള ഫലങ്ങളെയും കുറിച്ച് ഈ വേദ ഭാഗത്ത് അപ്പൊസ്തലനായ പൗലോസ് പരാമർശിച്ചിരിക്കുന്നു. ജഡത്താലുള്ള വിതയും ആത്മാവിലുള്ള വിതയും. ജഡത്തിൽ വിതെയ്ക്കുന്നവർക്കു ലഭിക്കുന്ന ഫലം നാശവും ആത്മാവിൽ വിതെയ്ക്കുന്നവർക്കു ലഭിക്കുന്ന ഫലം നിത്യജീവനും ആകുന്നു. ജഡത്തിൽ വിതെക്കുക എന്നത് ജഡത്തെ അനുസരിച്ചുള്ള ജീവിതത്തെയും ആത്മാവിനാൽ വിതെക്കുക എന്നത് ആത്മാവിനെ അനുസരിച്ചുള്ള ജീവിതത്തെയും കാണിക്കുന്നു. ഇന്നത്തെ ചുറ്റുപാടുകൾ നമ്മുടെ സാമൂഹികം, രാഷ്ട്രീയം, വിദ്യാഭ്യാസം തുടങ്ങിയ സമസ്ത മേഖലകളിലും ഭയം ഉണ്ടാകത്തക്കവിധത്തിൽ വിനാശകരമായ വിത്ത് വിതെക്കുന്നതായി കാണുന്നു. എവിടെ നോക്കിയാലും നാശം കൊയ്യുവാൻ ഹേതുവായ ജഡത്തിന്റെയും സ്വാർത്ഥതയുടെയും വിത്തുകളാണ് വിതെയ്ക്കപ്പെടുന്നത്.

വിതയും കൊയ്ത്തും ഇന്ന് മനുഷ്യന് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരു വസ്തുതയായി മാറിയിരിക്കുന്നു. ഇവിടെ വിതെക്കുക അഥവാ നടുക എന്നത് കൃഷിയുടെ ആരംഭവും കൊയ്ത്ത് അല്ലെങ്കിൽ ഫലശേഖരണം അതിന്റെ അവസാനവും ആകുന്നു. വിതെയ്ക്കും കൊയ്ത്തിനും ദൈവം തന്നെ അതതിന്റെ കാലങ്ങളും ക്രമീകരണങ്ങളും ചെയ്തിരിക്കുന്നു. നല്ല ഫലം ഉണ്ടാകണമെങ്കിൽ വിത്ത് നന്നായിരിക്കണം; വിത്തിൽ പിഴെച്ചാൽ വിളവു നന്നായിരിക്കയില്ല. "വിത്തു ഗുണം പത്തുഗുണം വിത്തിൽ പിഴച്ചാൽ വിളവിൽ പിഴെക്കും" എന്ന ഒരു ചൊല്ലുണ്ടല്ലോ. വിത്ത് വിതെയ്ക്കുമ്പോൾ കാലാവസ്ഥ, വിത്തിന്റെ ഗുണം, നിലത്തിന്റെ അവസ്ഥ എന്നിവ ശ്രദ്ധിക്കണം.

കർത്താവ് പ്രസ്താവിക്കുന്ന വിതെക്കുന്നവന്റെ ഉപമയിൽ ചില ത് വഴിയരികെ വീണു; അത് പറവകൾ തിന്നുപോയി. മറ്റ് ചിലത് പാറസ്ഥലത്ത് വീണു; അത് ക്ഷണത്തിൽ മുളച്ചു വന്നു എങ്കിലും വേരില്ലായ്കയാൽ സൂര്യന്റെ ചൂടു തട്ടി ഉണങ്ങിപ്പോയി. വേറെ ചിലത് മുള്ളിന്നിടയിൽ വീണു. മുള്ള് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റ് ചിലത് നല്ല നിലത്തു വീണു; നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു(മത്തായി:13:3-8) വിതെച്ച നിലം ഒരുക്കായ്കയാൽ വിതെയുടെ നാലിൽ മൂന്ന് ഭാഗവും നഷ്ടമാക്കുവാൻ ഇടയായി. നിലത്തിന്റെ അവസ്ഥ ശ്രദ്ധിച്ച്, മുള്ളും പറക്കാരയും മാറ്റി കല്ല് പെറുക്കിക്കളഞ്ഞ് ഒരുക്കിയെങ്കിലെ പ്രതീക്ഷിച്ച ഫലം ലഭിക്കുകയുള്ളൂ.

ആത്മീയമായ കൃഷിയുടെ അതിപ്രധാനമായ മറ്റൊരു വശം. നാം ദൈവമക്കളായിത്തീർന്ന ശേഷം ദൈവത്തിനു സൽഫലങ്ങളെ കൊടുക്കുന്നവരായിരിക്കണം എന്നതാണ്. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ഒരു കൃഷിക്കു തുല്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ആത്മീകനായി തീരുന്ന ഓരോ വ്യക്തിയും പറയുന്ന ഓരോവാക്കും ചെയ്യുന്ന ഓരോ പ്രവൃത്തിയും താൻ വിതെയ്ക്കുന്ന വിത്തുപോലെയാണ്. വിതയിൽ അവ എണ്ണത്തിൽ കുറവും കഷ്ടതയോടും കണ്ണുനീരോടും കൂടെ ആയിരുന്നാലും അത് പൂർണ്ണമാകുമ്പോൾ നൂറ് മടങ്ങായി വർദ്ധിക്കുകയും കൊയ്ത്തുകാലത്തിലെ സന്തോഷത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ അത് പ്രകൃതമാണെങ്കിൽ വളർന്ന് മുറ്റു മേനിയായി ഇരട്ടി ലജ്ജക്കും നഷ്ടത്തിനും ദുഃഖത്തിനും കാരണമായി തീരുന്നു. നമ്മുടെ വാക്കും പ്രവൃത്തിയും ഒന്നുകിൽ മാനത്തിനും മഹത്വത്തിനുമായി വഴി നടത്തുന്നു. അല്ലെങ്കിൽ ലജ്ജെക്കും നിന്ദയ്ക്കുമായിത്തീരുന്നു.

നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്ന ശ്രേഷ്ഠ ഫലത്തെക്കുറിച്ച് വിശുദ്ധ പൗലോസ്, യാക്കോബ് മുതലായ അപ്പൊസ്തലന്മാർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങളുടെ സ്നേഹം മേല്ക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ച് വന്നിട്ട് നിങ്ങൾ ഭേദാഭേദങ്ങളെ വേചിപ്പാറാകേണെ എന്നും ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ട് യേശു ക്രിസ്തുവാനാൽ നീതിഫലം നിറഞ്ഞവരുമായിത്തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു(ഫിലി:1:9-11). "നാം അവന്റെ സൃഷ്ടികളിൽ ഒരു വിധം ആദ്യഫലമാക്കേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു". കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ട് മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ(യാക്ക:11:18, 5:7,8).

ആത്മീയരായിത്തീർന്ന നാം നമ്മുടെ വിതയെപ്പറ്റി അതീവ ശ്രദ്ധയും ജാഗ്രതയും ഉള്ളവരായിരിക്കണം. നമ്മുടെ ചിന്തയും പ്രവർത്തനങ്ങളും ദൈവവചനത്താലും ദൈവാത്മാവിനാലും നിയന്ത്രിക്കപ്പെടമം. അതിനെയാണ് ആത്മാവിനാൽ വിതെയ്ക്കുക എന്ന് പറയുന്നത് ആത്മാവിൽ വിതെയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും. സ്വർഗ്ഗത്തിൽ നിന്നും ദൈവം നൽകിയ ആത്മാവിനെയും അതിന്റെ ഫലത്തെയും നാം സ്വീകരിച്ചുകൊണ്ട് വരാൻ പോകുന്ന സകല അനർത്ഥങ്ങളിൽ നിന്നും വിടുവിക്കപ്പെട്ട് നിത്യജീവനെ കൊയ്യുന്നവരായിത്തീരാം. ദൈവരാജ്യത്തിന്റെ വിത്ത് നമ്മിൽ വിതെച്ച കർത്താവ് വിലയേറിയ ഫലങ്ങളെ ചേർക്കുവാൻ വരുമ്പോൾ നാമും അവന്റെ സന്നിധിയിൽ നിത്യാവകാശം പ്രാപിച്ച് സന്തോഷിപ്പാൻ ഇടയാകും.

## കല്ലുകടി

# എങ്കിലും എന്റെ നേതാവേ....

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ ഇക്കുറി വളരെ അനുഗ്രഹത്തോടെ സമാപിച്ചു. നല്ല പ്രസംഗങ്ങൾ, നല്ല ക്രമീകരണങ്ങൾ, പരിശുദ്ധാത്മ സാന്നിധ്യം, എല്ലാവർഷത്തേക്കാളും വലിയ ജനപങ്കാളിത്തം ഇങ്ങനെ എടുത്തുപറയാൻ ഒത്തിരി കാര്യങ്ങൾ. എന്നാൽ ഇത് ദഹിക്കാത്ത ഒരു ന്യൂനപക്ഷം അവരുടെ കടിമാറ്റാൻ ഒരു പത്രമൊക്കെ ഇറക്കിനോക്കി. കുട്ടിക്കുരങ്ങനെക്കൊണ്ട് ചൂടുചോറുവാരിക്കുന്ന ചില മിടുക്കന്മാരുണ്ട്. അത്തരമൊരു മിടുക്കനാണ് ഇതിന്റെയെല്ലാം പിന്നിൽ. ഈ പത്രത്തിനുപിന്നിൽ ഇവിടുത്തെ കളികൾ മടുത്ത് സുവിശേഷവേല പൂർണ്ണസമയവും ഒഴിവാക്കി വിദേശത്ത് വിശ്രമിക്കുന്ന ആളാണത്രേ. ആ കക്ഷി എഴുതിയ ഒരു കുറിപ്പും ഇതിലുണ്ട്. മുൻ ഓവർസിയർമാരെല്ലാം വളരെ മോശമാണ്. എന്നാൽ സുവിശേഷ വേല മടുത്ത് വിശ്രമത്തിനായി പോയിരിക്കുന്ന കക്ഷി മാത്രം നല്ലവനാണത്രേ. അദ്ദേഹത്തിന് കലിപ്പ് മൊത്തം പത്രക്കാരോടാണ്. കക്ഷി ലേഖനപരമ്പര എഴുതാനും പോകുകയാണ്. മാത്രമല്ല അമേരിക്കയിൽ നിന്ന് സൗജന്യമായി വിളിക്കാവുന്നതുകൊണ്ട് കക്ഷി തച്ചിന് വിളിയും നടത്തുകയാണ്. എന്നാൽ പത്രത്തിൽകൂടി ചൊറിയാൻ നടക്കുന്നവർ ഒരു കാര്യം ഓർത്താൽ നന്ന്. അതിലും വലിയ പരമ്പര പുറകെ വരും എന്നറിയുക. ചൊറിച്ചിലിന് പല മരുന്നുകൾ ഉണ്ട്. ഒന്നും ഫലിക്കുന്നില്ലെങ്കിൽ ചൂടുള്ള പാറപ്പുറത്ത് നിരങ്ങുന്നത് ഉത്തമമായിരിക്കും. പക്ഷെ കിട്ടാത്ത മുന്തിരിങ്ങ പുളിക്കും. അങ്ങാടിയിൽ തോറ്റതിന് അമ്മയോടല്ല പോരിനു വരേണ്ടത്. നഷ്ടപ്പെടുവാൻ ഉള്ളവർ നന്നായി സൂക്ഷിക്കണം. അതുകൊണ്ട് പത്രമിറക്കി കളിക്കാമെന്നുള്ള മോഹം ഉണ്ടെങ്കിൽ അങ്കത്തിന് തയ്യാർ. കന്ന് ചെന്നാൽ കന്നിൻകൂട്ടത്തിലേ ചേരുകയുള്ളൂ. ആ പഴഞ്ചൊല്ല് വളരെ അർത്ഥവത്താണ്. അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു പിന്നെയും നായ്ക്കാണ് മുറുമുറുപ്പ് എന്ന പഴഞ്ചൊല്ല് പഴയനേതാവിന്റെ മുറുമുറുപ്പ് കണ്ടപ്പോഴാണ് മനസ്സിലായത്. ചരിത്രത്തിന്റെ ഏടുകളിൽ കൂടി പോകുമ്പോൾ മാറ്റിവെച്ച പലതും പറയാനുണ്ടാകും. ഞങ്ങൾ വിചാരിച്ചാൽ ഇവിടെ ഒന്നും നടക്കില്ല എന്ന സ്വപ്നം പൊലിഞ്ഞതിന്റെ സങ്കടം കൊണ്ടുണ്ടാകുന്ന പ്രതികരണം മനസ്സിലാക്കാം. എന്നാൽ അമേരിക്കയിൽ വിശ്രമജീവിതം നയിക്കുന്ന, സുവിശേഷ വേല ത്യജിച്ച കക്ഷിയുടെ (ഇത് ഞങ്ങളുടെ ഭാഷയല്ല ആ പത്രത്തിലെ വാക്കുകളാണ്) താളത്തിനൊത്ത് തുള്ളുമ്പോൾ മറ്റുള്ളവരുടെ പാദത്തിൽ ചവിട്ടാതിരിക്കുക. അതല്ലേ നല്ലത്. തുള്ളിക്കുന്നവനല്ലായിരിക്കും തുള്ളുന്നവനുതന്നെ മറുപടി കിട്ടിയെന്നിരിക്കും.

**അടിക്കുറിപ്പ്:** പലതരം മനോരോഗങ്ങളുണ്ട്. അതിൽ അധികാരം നഷ്ടപ്പെട്ടവനുണ്ടാകുന്ന മാനസിക വിഭ്രാന്തി അല്പം കഠിനമായിരിക്കും.

# സെന്റർ കൺവെൻഷൻ

**തിരുവനന്തപുരം:** ഐ. പി. സി. തിരുവനന്തപുരം സൗത്ത് സെന്റർ സെന്റർ കൺവെൻഷൻ 2017 ഫെബ്രുവരി 9 - 11 വരെ അരുവിക്കുഴി ഐ.പി.സി. സീയോൻ സഭയുടെ ആഭിമുഖ്യത്തിൽ പട്ടകുളം ജംഗ്ഷനിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ. റോബർട്ട് ഉത്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റർമാരായ തോമസ് ഫിലിപ്പ് വെണ്മണി, രാജു പൂവക്കാല, വർഗ്ഗീസ് ഏബ്രഹാം (രാജു മേത്ര), ബി. മോനച്ചൻ കായംകുളം എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഡോ. ബ്ലെസ്സൻ മേമനയും കാട്ടാക്കട ഏബനേസർ ഗോസ്പൽ വോയ്സും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 12 ഞായർ രാവിലെ 9.30 ന് സംയുക്ത സഭായോഗവും കർത്തൃമേശയും, ഉച്ചയ്ക്ക് 2 മണിമുതൽ പുത്രികാ സംഘടനകളുടെ വാർഷികം എന്നിവ അരുവിക്കുഴി സീയോൻ സഭയിൽ വച്ച് നടന്നു. പാസ്റ്റർ ജേക്കബ് തോമസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**മൂവാറ്റുപുഴ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് മൂവാറ്റുപുഴ സെന്റർ കൺവൻഷൻ 2017 ജനുവരി 27 - 29 ഞായർ വരെ വാളകം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. വനിതാ സമാജം മീറ്റിംഗും, സണ്ടേസ്കൂൾ സി.ഇ.എം. സംയുക്തസമ്മേളനവും നടത്തപ്പെട്ടു. റവ.ഡോ.റ്റി.പി. എബ്രഹാം (SFC ആക്ടിംഗ് പ്രസിഡന്റ്), പാസ്റ്റർ എബ്രഹാം ജോസഫ് (SFC ജനറൽ സെക്രട്ടറി), പാസ്റ്റർ കെ.റ്റി.തോമസ് (SFC സെക്രട്ടറി), പാസ്റ്റർ സി.ഏലിയാസ് (സെന്റർ പ്രസിഡന്റ്), പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ (കൊച്ചറ), പാസ്റ്റർ സാം തോമസ് (കുമളി), റവ.കെ.ജെ. മാത്യു (പുനലൂർ), പാസ്റ്റർ റെന്നി വെസ്ലി (ട്രാൻസ്ഫോമേഴ്സ്, തിരുവല്ല), മിസിസ് ഏലിയാമ്മ ജോസഫ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ ദൈവവചനം പ്രസംഗിച്ചു. സംയുക്ത സഭായോഗവും കർത്തൃമേശയോ ടും കൺവൻഷൻ സമാപിച്ചു. ശാരോൻ വോയ്സ് ഗാനങ്ങളാലപിക്കും.

**അടൂർ:** ഐ.പി.സി അടൂർ വെസ്റ്റ് സെന്റർ വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 1 -5 വരെ കടമ്പനാട് ഐ.പി.സി ഹെബ്രോൺ ഗ്രൗണ്ടിൽ നടന്നു. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ എബി ഏബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ്, സാംജോർജ്, ജോൺസൺ ദാനിയേൽ, ഡോ. ജോയി ജോസഫ് എന്നിവർ പ്രസംഗിച്ചു. സെന്റർ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം വാർഷിക യോഗങ്ങൾ കൺവൻഷനോടനുബന്ധിച്ച് നടന്നു. പാസ്റ്റർമാരായ തോമസ് ജോസഫ്, ഏ.സി. ജോസ്, ബിജുകോശി, സാജൻ ഈശോ, മാർക്ക് എൻ തങ്കച്ചൻ, സഹോദരന്മാരായ ജോസ് പുതുമല, അലക്സാണ്ടർ. എ എന്നിവർ നേതൃത്വം നൽകി.

**ചെന്നൈ:** ഐ. പി. സി. ചെന്നൈ മെട്രോ ഡിസ്ട്രിക്റ്റിന്റെ 19-മത് വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 3-5 തീയതികളിൽ അറുമ്പാക്കം, ഗുഡ് ഹോപ്പ് മെട്രിക്കുലേഷൻ സ്കൂളിൽ നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ രാജു എം. ചെറിയാൻ കൺവൻഷൻ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ ടോമി ജോസഫ്(യു.എസ്.എ) മുഖ്യ പ്രഭാഷകനായിരിക്കും. ഡിസ്ട്രിക്റ്റ് ക്വയർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ ഹാർട്ട്ലി ശാമുവേൽ, ബ്രദർ എൻ. സി. അലക്സാണ്ടർ, ബ്രദർ സുശീൽ മാത്യു എന്നിവർ നേതൃത്വം വഹിച്ചു.

# സുവനീർ പ്രകാശനം ചെയ്തു



സി.ജി.ഐ കേരളാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച "SOWER 2017" സുവനീർ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ്, ഏഷ്യൻ സൂപ്രണ്ട് കെൻ ആൻഡേഴ്സിന് നൽകി പ്രകാശനം ചെയ്തു. ചീഫ് എഡിറ്റർ പാസ്റ്റർ പി. പി. കുര്യൻ, എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ ജോൺസൺ ദാനിയേൽ തുടങ്ങിയവർ പങ്കെടുത്തു.

# അന്തർദേശീയ കൺവൻഷൻ

**പത്തനംതിട്ട:** അന്തർദേശീയ കൺവൻഷനും രോഗശാന്തി ശുശ്രൂഷയും സിലോൺ പെന്തെക്കോസ്തു മിഷൻ ഗ്രൗണ്ട് പത്തനംതിട്ട ഫെബ്രുവരി 23-26 വരെ വൈകിട്ട് 6.30-ന് നടക്കും. ഉപവാസപ്രാർത്ഥന, സുവിശേഷ ജാഥ, സുവിശേഷ പ്രസംഗം, ബൈബിൾ ക്ലാസ്സ്, പൊതുയോഗം, കാത്തിരിപ്പ് യോഗം, യുവജന മീറ്റിംഗ് എന്നിവ നടക്കും. പൊതുസഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

# 02 I love but...

sexuality is very important in cinemas, advertisements and even Medias. Ultimately media is responsible for the feeling that arises in a person after seeing such obscene materials, but the sufferer would be the person itself.

Choose good printed materials. Printed materials have the high role in leading a person to sin. Understand that and be careful to save yourself.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ വിവിധ ദൃശ്യങ്ങൾ



# ഐ. പി. സി. ജനറൽ കൺവൻഷന്റെ വിവിധ ദൃശ്യങ്ങൾ












# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന്റെ വിവിധ ദൃശ്യങ്ങൾ...
















## കവിത

പാസ്റ്റർ ഷിബു ജോസഫ്

# വോട്ട്

മനുഷ്യരെ പിടിക്കുന്നവരാക്കുമെന്ന
മനുഷ്യ പുത്രന്റെ തിരുമൊഴികളെ
മണ്ണിന്റെ അടിയിൽ കുഴിച്ചുമൂടി
മണ്ണേപ്രതി മാണിക്യം വെടിഞ്ഞീടുന്നു

മനസ്സിൽ കസേരകൾ കയറികൂടി
മനോഗതം പോൽ ഇറക്കി പ്രസ്താവനകൾ
തുട്ടിന്റെ മേന്മയാൽ കൊട്ടും കുരവയും
തട്ടിക്കൂട്ടുന്നു അനുചരന്മാർ

നോട്ടുമായ് ചുറ്റിക്കറങ്ങുന്ന 'സാക്ഷികൾ'
വോട്ടുകൾ മാത്രമാണ് ഉള്ളിന്റെയുള്ളിൽ
തുട്ടുകൾ എത്രപൊട്ടിയാലും ഖേദമില്ല
പെട്ടിയിൽ പത്ത് വോട്ടുകൾ വീഴണം!

സമ്പന്നന്മാരും വ്യവസായികളും
മുമ്പെത്തെക്കാളും സഭാഗാത്രത്തിൻ
ഇടിച്ചുകയറി ഭരണം നടത്തുവാൻ
തിടുക്കം കാട്ടുന്ന കാഴ്ചകൾ ഭയങ്കരം!!

വോട്ടു പിടിക്കാൻ പൊട്ടിച്ച തുട്ടുകൾ
കൂട്ടിവെച്ച് കണക്കുകൂട്ടിയാൽ
കണ്ണു തള്ളിടും, അത്ഭുതപ്പെട്ടീടും
മണ്ണിന്റെ ചേഷ്ടകൾ എത്രയോ ഭീകരം!!

നോട്ടീസടിക്കുന്നു- കുതികാൽ വെട്ടുന്നു
വാട്ടസ് ആപ്പും ഫെയ്സ്ബുക്കുമെല്ലാം
അരങ്ങത്ത് ആടിത്തിമിർത്തിടുന്നു
അണിയറയിലോ കുത്സിത ചിന്തകളും!

അട്ടഹസിക്കുന്നു പുൾപ്പിറ്റിൽ നിന്നുകൊണ്ട്
ഒട്ടും താമസിക്കില്ല - നാഥൻ വന്നീടുവാൻ
മട്ടുമാറിടും - പുൾപ്പിറ്റ് വിട്ടിടുമ്പോൾ
തുട്ടുമായ് കറങ്ങിടും കസേര പിടിക്കുവാൻ

കുരിശു ചുമക്കുവാൻ ആളുകൾ ചുരുങ്ങുന്നു
കുരിശിന്റെ മാർഗ്ഗത്തെ സ്വാർത്ഥ വേദിയാക്കുന്നു
മുൾമുടി അണിഞ്ഞു നാഥന്റെ നാമത്തിൽ
പൊൻമുടി അണിഞ്ഞു വിലസീടുന്ന ഭക്തർ

ഇതെല്ലാം കണ്ട് നാഥൻ വിതുമ്പുന്നു
ഇനിയും മുറിവുകൾ ഏൽക്കേണ്ടിവരുമോ?
കിനിയുന്നോ രക്തത്തുള്ളികൾ വീണ്ടുമവനിൽ?
കനിയൂ നാഥാ- പൊറുക്കണെ ഈ ചെയ്തികൾ!


# ഇപ്പോൾ വിപണിയിൽ




Beersheba Publications
CVP City Tower, TK Road
Thiruvalla, Kerala
e-mail:beershebapublications@gmail.com
www.beershebapublications.org
Ph: 9446440022, 9495114255


## ഡോ. കോര സംസാരിക്കുന്നു



1. ബിലീവേഴ്സ് ജേണൽ പത്രത്തിൽ എന്താണ് വരേണ്ടത് എന്നും പത്രം ഞാനാണ് ചെയ്യുന്നതെന്നും ഒരാൾ നാട്ടിലും വിദേശത്തുമൊക്കെ പ്രചരിപ്പിക്കുന്നു അപ്പോൾ എഡിറ്ററുടെയും മറ്റുള്ളവരുടെയും ജോലി എന്താണ്?

**– മോനച്ചൻ, ഡാളസ്**

*നാട്ടിൽ നടക്കുന്ന സകലസംഭവത്തിന്റെയും ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്ന ഒരു കഥാപാത്രം വൈക്കം മുഹമ്മദ് ബഷീറിന്റെ കഥയിലുണ്ട്. ആ കഥാപാത്രത്തെയാണ് ഇത് കേട്ടപ്പോൾ കോരയ്ക്ക് ഓർമ്മ വന്നത്.*

2. ഏറ്റവും വലിയ നുണയൻ ആരാണ് കോരേ?

**– രാജൻ തിരുവനന്തപുരം**

*ഏറ്റവും വലിയ നുണയൻ പിശാചാണ് എന്ന് ബൈബിൾ പറയുന്നു. അത് കഴിഞ്ഞാൽ ഏഴാംകടലിനക്കരെ വിശ്രമജീവിതത്തിനുപോയിരിക്കുന്ന ഒരു നേതാവാണെന്നാണ് കോരയ്ക്ക് തോന്നുന്നത്.*

3. നീ പത്രത്തിൽകൂടി പണിയരുതെന്ന് ഒരു പ്രസംഗകൻ പ്രസംഗിക്കുന്നതുകേട്ടു. അത് എന്താണ് കോരേ അങ്ങനെ പറയാൻ കാരണം?

**– സണ്ണി റാന്നി**

*പത്രത്തിന്റെ പണി എന്താണെന്ന് പ്രസംഗകന് അറിയാം. അറിയാതെ പ്രസംഗമദ്ധ്യേ പറഞ്ഞതായിരിക്കാം. അതുകൊണ്ട് സണ്ണിമോൻ അത് കാര്യമാക്കേണ്ട.*

# പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ദേശീയ ഭാരവാഹികൾ

**കോട്ടയം:** പി. സി. ഐ. വാർഷിക പൊതുയോഗത്തിൽ 2017-19 വർഷത്തേക്കുള്ള ദേശീയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ ബ്രദർ തോമസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ബ്രദർ കെ.ഏബ്രഹാം, വൈസ് പ്രസിഡന്റമാരായി പാസ്റ്റർ കെ. എ. ഉമ്മൻ, ജെ. ജോസഫ്, വൈ.യോഹന്നാൻ (ജയ്പൂർ), ജനറൽ സെക്രട്ടറി ബ്രദർ ഗ്ലാഡ്സൺ ജേക്കബ്, നാഷണൽ സെക്രട്ടറിമാരായ പാസ്റ്റർ ജോസ് അതുല്യാ, ബ്രദർ പി.സി.മാത്യു (ചെന്നൈ), ട്രഷറാർ പാസ്റ്റർ ബേബി കടമ്പനാട്. പബ്ലിസിറ്റി കൺവീനർ ബ്രദർ അജി കുളങ്ങര, ചാരിറ്റി കൺവീനർ ബ്രദർ പി.ജി. ജോർജ്ജ് , പ്രെയർ കൺവീനർ പാസ്റ്റർ എം. കെ. കരുണാകരൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ ബ്രദർ കെ.എൻ.റസൽ, ശീലാസ്കുട്ടി, ബിജു വർഗ്ഗീസ്, പാസ്റ്റർ ജോസ് ഐക്കരപ്പടി. ഇവരെ കൂടാതെ 51 അംഗ കൗൺസിൽ അംഗങ്ങളും പ്രവർത്തിക്കുന്നു. പി.സി.ഐ. യുടെ യുവജന വിഭാഗം ആരംഭിക്കുവാനും വിവിധ തലങ്ങളിൽ പ്രയോജനപ്പെടുന്ന പ്രോജക്ടുകൾ നടപ്പിലാക്കുവാനും തീരുമാനിച്ചു.

# 3 ഡേ വി ബിഎസ് സിലബസ് പ്രസിദ്ധീകരിച്ചു

വെക്കേഷൻ സിലബസുകളുടെ ചരിത്രത്തിലാദ്യമായി 3 ദിനങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് സിലബസ് പ്രസിദ്ധീകരിച്ചു. കുട്ടികളുടെയും കൗമാരക്കാരുടേയും സമഗ്രവികാസത്തിനായി യത്നിക്കുന്ന ട്രാൻസ്ഫോമേഴ്സ് ആണ് 3 ഡേ വി ബിഎസിന് പിന്നിൽ. ഇന്നു വരെ വി ബി എസ് നടത്തിയിട്ടില്ലാത്ത ലോക്കൽ സഭകളെയാണ് 3 ഡേ വി ബി എസിലൂടെ ട്രാൻസ്ഫോമേഴ്സ് ലക്ഷ്യമിടുന്നത്. മൂന്നു ദിനങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് സംഘടിപ്പിക്കാൻ കുറച്ചു മാത്രം അദ്ധ്യാപകർ മതിയാകും. പത്തു കുട്ടികൾ മാത്രമുള്ള ചെറിയ സഭകൾക്കും സംഘടിപ്പിക്കാമെന്നത് ട്രാ ൻസ്ഫോമേഴ്സ് 3 ഡേ വി ബിഎസ് നെ ജനപ്രിയമാക്കുന്നു.

ആദ്യമായി വി ബി എസ് സംഘടിപ്പിക്കുന്ന സഭകൾക്കും പുതിയ അദ്ധ്യാപകർക്കും കൈകാര്യം ചെയ്യത്തക്കനിലയിൽ വളരെ ലളിതമാണ് ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് സിലബസ്. തികച്ചും ആകർഷകവും വ്യത്യസ്തവുമായ പ്രോഗ്രാമുകളാണ് ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് മുമ്പോട്ട് വെയ്ക്കുന്നത്. ഒപ്പം മിനിമം പാഠ്യ സാമഗ്രികൾ സിലബസ് ചെലവ് കുറയ്ക്കുന്നതിന് സഹായിക്കുന്നു. വീണ്ടും വീണ്ടും പഠന സാമഗ്രികൾ വാങ്ങേണ്ട ആവശ്യം വരാതെ ആവശ്യാനുസരണം പ്രിന്റുകൾ എടുത്തുപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബി എസ് സിലബസ് നൽകുന്നു. മലയാളം കൂടാതെ ഇംഗ്ലീഷ്, ഹിന്ദി, കന്നട, തമിഴ് ഭാഷകളിലും ട്രാൻസ്ഫോമേഴ്സ് 3 ഡേ വി ബിഎസ് സിലബസ് ലഭ്യമാണ്.

## ഗ്രാജുവേഷൻ

**കീഴില്ലം:** പെനിയേൽ സെമിനാരിയുടെ 34-മത് ബാച്ചിന്റെ ഗ്രാജുവേഷൻ ഫെബ്രുവരി 4-ന് രാവിലെ 9.30 മണിക്ക് നടത്തപ്പെട്ടു. സ്ഥാപക പ്രസിഡന്റ് ഡോ. സി. പി. വർഗ്ഗീസ് സർട്ടിഫിക്കറ്റുകൾ നൽകി.

## കുടുംബ സംഗമം

**ആയൂർ:** കളങ്കമില്ലാത്ത വിശ്വാസത്താൽ ദൈവകൃപയുടെ നന്മകളെ അനുഭവിക്കുവാൻ കഴിയുമെന്ന് ഐ.പി.സി ആയൂർ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി പറഞ്ഞു. ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തെ അടുത്തറിയാനും ദൈവീക നന്മകളെ അനുഭവിക്കാനുമുള്ള മനുഷ്യന്റെ ആറാമത്തെ ഇന്ദ്രിയമാണ് വിശ്വാസം. ദൈവത്തെ വിശ്വസിക്കുന്നവർ പൂർണമായി, നിർവ്യാജമായി വിശ്വസിക്കണം പാസ്റ്റർ വർഗീസ് മത്തായി തുടർന്നു പറഞ്ഞു. വയ്ക്കൽ ഐ.പി.സി ഗിൽഗാൽ ഹാളിൽ പാസ്റ്റർ പി.ഐ ഏബ്രാഹാമിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ആന്റണി ചാക്കോ പ്രസംഗിച്ചു.


# അക്ഷര നഗരിയിൽ ആരാധനയ്ക്കായി സ്വാഗതം

കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി സ്വാഗതം.



പാസ്റ്റർ സജി മുട്ടം നേതൃത്വം നൽകുന്നു.

ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം

പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001



## നിത്യതയിൽ



### ഏലിയാമ്മ ഏബ്രഹാം (86)

**തട്ട:** തട്ട ഐ. പി. സി. സഭാംഗവും എബനേസർ കോട്ടേജിൽ പരേതനായ പാസ്റ്റർ പി. എം. ഏബ്രഹാമിന്റെ ഭാര്യ ഏലിയാമ്മ ഏബ്രഹാം (86) കർത്താവിൽ നിദ്ര പ്രാപിച്ചു. ദീർഘവർഷങ്ങൾ കർത്തൃശുശ്രൂഷയിലായിരുന്നു. തിരുവല്ല ഐ.പി.സി., വേങ്ങൽ, ഐ.പി.സി. പള്ളിപ്പാട്, കൊട്ടാരക്കര കരിക്കം നെല്ലിക്കുന്നം, പട്ടാഴി, വിലങ്ങറ, അടൂർ, ആന്ദപ്പള്ളി, തട്ട, ചൂരക്കോട് എന്നിവിടങ്ങളിൽ ശുശ്രൂഷയിലായിരുന്നു.

മക്കൾ: ഗ്രേസി, എൽസി (ഗുജറാത്ത്), ബാബു (ബഹറിൻ), പാസ്റ്റർ വർഗീസ് ഏബ്രഹാം (ജോയി) കൊല്ലം, അനിയൻ (യു.എസ്.എ), കൊച്ചുമോൻ സ്പിരിചൽ വേവ്സ് അടൂർ. മരുമക്കൾ: പാസ്റ്റർ ജി. ജോണിക്കുട്ടി കാർത്തികപ്പള്ളി, ബാബു (ഗുജറാത്ത്), ലിസി, ആശ, ഷെറി, അനു. പാസ്റ്റർ ജോൺ ചാക്കോ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ ഫിലിപ്പ് പി. തോമസ് ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ എം. വി. വർഗീസ്, ജോൺസൺ ഡാനിയേൽ, ജെയിംസ് ജോർജ്ജ്, ബെഞ്ചമിൻ വർഗീസ് എന്നിവർ വചനം ശുശ്രൂഷ നടത്തി. ഐ.പി.സി. തട്ട കീക്കുകുഴി സെമിത്തേരിയിൽ സംസ്കാരം നടത്തി.

### പാസ്റ്റർ എം. ജെ. ജെയിംസ്(രാജു-62)

**ശാസ്താംകോട്ട:** കടമ്പനാട് ആനി മന്ദിരത്തിൽ പരേതരായ സി. ജി. ജോസഫിന്റെയും ലീലാമ്മ ജോസഫിന്റെയും മകൻ പാസ്റ്റർ എം. ജെ. ജെയിംസ്(രാജു-62) നിത്യതയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

ഭാര്യ: ലൈസാമ്മ, മക്കൾ: ഗ്ലാഡ്സൺ, ഗ്ലാഡിസ്, മരുമക്കൾ: അനു, ഷൈജു

## ഉപവാസ പ്രാർത്ഥനയും ഉണർവ്വു യോഗവും

**കറ്റോട്:** ഐ. പി. സി. എബനേസർ വർഷിപ്പ് സെന്ററിൽ ഉപാവസാപ്രാർത്ഥനും ഉണർവ്വ് യോഗവും ഫെബ്രുവരി 20 മുതൽ മാർച്ച് 12 വരെ നടക്കും. രാവിലെ 10 മുതൽ പൊതുയോഗവും 2.30 മുതൽ 4.00 വരെ മദ്ധ്യസ്ഥപ്രാർത്ഥനയും വൈകിട്ട് 6.30 മുതൽ 9 വരെ പൊതുയോഗവും നടക്കും. കൃപാവരപ്രാപ്ത രായ ദൈവ ദാസന്മാർ ശുശ്രൂഷിക്കുന്നു. പാസ്റ്റർ റ്റി. ഓ. രാജു മഞ്ഞാടി നേതൃത്വം ശുശ്രൂഷകൾക്ക് നൽകും.

കൂടുതൽ വിവരങ്ങൾക്ക്: 0469 2605899 / 9446190211

## എക്സൽ വി. ബി. എസ് 2017

**തിരുവല്ല:** ഇന്ത്യയിലെ കുഞ്ഞുങ്ങളുടെ ഇടയിലെ പ്രമുഖ ക്രിസ്തീയ പ്രവർത്തനമായ എക്സൽ വി. ബി.എസ് 2017 ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ അവധിക്കാലങ്ങളിൽ നടക്കും. കഴിഞ്ഞ വർഷങ്ങളിൽ ആവേശപൂർവ്വമാണ് എക്സൽ വി.ബി.എസ് കുഞ്ഞുങ്ങൾ വരവേറ്റത്.

2017 ലെ വി.ബി,എസിന്റെ ചിന്താവിഷയം **5G "Five New Gifts For Kids"** (**കുഞ്ഞുങ്ങൾക്കുള്ള അഞ്ച് സമ്മാനങ്ങൾ**) എന്നതാണ്. ഈ തീമിനെ ആസ്പദമാക്കി പാട്ടുകൾ, ഗെയിമുകൾ, ധ്യാനചിന്തകൾ, കഥകൾ, ആക്ടിവിറ്റികൾ എന്നിവ തയ്യാറായി വരുന്നു. വ്യത്യസ്തമായ ഉള്ളടക്കവും കുഞ്ഞുങ്ങളുടെ ആത്മീയ ജീവിതത്തിന്റെ പടിപടിയായുള്ള വളർച്ചയ്ക്കും വ്യക്തി വികസനത്തിനും ഉതകുന്ന പാഠ്യ പദ്ധതിയാണ് ഈ വർഷത്തെ പ്രത്യേകത.

കേരളം, കർണ്ണാടക,തമിഴ്നാട്, വടക്കേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗുജറാത്ത്,രാജസ്ഥാൻ, ഉത്തർപ്രദേശ്,ബീഹാർ,ഒറീസ കൂടാതെ വിദേശരാജ്യങ്ങളായ നേപ്പാൾ,ദോഹ,ഷാർജ,ദുബായ്,അബുദാബി,കുവൈറ്റ്, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, കാനഡ എന്നിവിടങ്ങളിലും വി.ബി.എസ് നടക്കും.

കേരളത്തിൽ കാസർഗോഡു മുതൽ പാറശാല വരെ ജില്ലകൾ കേന്ദ്രീകരിച്ചു വി.ബി.എസ് പരിശീലന കളരികളും വിവിധ സഭകൾ കേന്ദ്രീകരിച്ച് വി.ബി.എസ് ക്യാപ്സൂൾ ട്രെയിനിങ്ങുകളും നടക്കും 5000 ത്തിൽ അധികം പേർ ഈ പരിശീലനങ്ങളിൽ പങ്കാളികളാകും. സണ്ടേസ്കൂൾ അധ്യാപകർ, ബാലസുവിശേഷകർ, യുവജന പ്രവർത്തകർ, വേദവിദ്യാർത്ഥികൾ, പാസ്റ്റേഴ്സ് മറ്റ് തല്പരരായ വ്യക്തികൾക്കും ഈ പരിശീലങ്ങളിൽ പങ്കെടുക്കാം.

എക്സൽ വി.ബി.എസിന്റെ 2017 ലെ പ്രവർത്തനങ്ങളിൽ പൂർണ്ണമായോ, ഭാഗികമായോ പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരോ പരിശീലന ടീമുകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരും ഞങ്ങളുമായി ബന്ധപ്പെടുക. **ഫോൺ: 9495834994, 9496325026**

## വാർഷിക കൺവൻഷൻ

**ആലപ്പുഴ:** ഐ. പി. സി. ഈസ്റ്റ് സെന്റർ 45-ാമത് വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 15 മുതൽ 19 വരെ വീയപുരം ആതിര ആഡിറ്റോറിയത്തിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പകൽ യോഗങ്ങൾ ഐ.പി.സി. ബഥേൽ ഹാളിൽ വച്ച് 10.00 മുതൽ 1.00 വരെയും രാത്രി യോഗങ്ങൾ വൈകുന്നേരം 6.00 മുതൽ 8.30 വരെയും പാസ്റ്റർ എം.വി. വർഗീസ് ഉദ്ഘാടനം ചെയ്യുന്നു. തുടർന്ന് പ്രഗദ്ഭരായ ദൈവദാസന്മാരായ പാസ്റ്റർ റെജി ശാസ്താംകോട്ട, പാസ്റ്റർ ബി. മോനച്ചൻ, കായംകുളം, പാസ്റ്റർ പി. സി. ചെറിയാൻ, റാന്നി, പാസ്റ്റർ പ്രെയ്സ് കർത്ത, പാസ്റ്റർ ഷിബു നെടുവേലിൽ പലദിവസങ്ങളിലായി വചനശുശ്രൂഷ നിർവ്വഹിക്കുന്നു. വ്യാഴം, സോദരി സമാജത്തിന് മുഖ്യപ്രഭാഷണം സിസ്റ്റർ. ഒമേഗ സുനിലും വെള്ളി, ഉപവാസ പ്രാർത്ഥന മുഖ്യപ്രഭാഷണം പാസ്റ്റർ മാത്യു വർഗ്ഗീസ് (പോലീസ് മത്തായി)യും നൽകുന്നതാണ്. ശനിയാഴ്ച സണ്ടേസ്കൂൾ, പി.വൈ.പി.എ. വാർഷികവും, പാസ്റ്റേഴ്സ് കോൺഫറൻസും ഉണ്ടായിരിക്കുന്നതാണ്.

## ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ ജനുവരി 31, ഫെബ്രുവരി 1, 2 എന്നീ തീയതികളിൽ സെമിനാരി ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ടു. അഭിക്ഷിക്ത ദൈവദാസന്മാർ ദൈവവചനം പ്രസംഗിച്ചു.

## സുവിശേഷമഹായോഗം

**വെളിച്ചിക്കാല:** ഐ. പി. സി. എബനേസർ വർഷിപ്പ് സെന്ററിന്റെ 21-മത് കൺവൻഷൻ ഫെബ്രവരി 10,11,012 തീയതികളിൽ ചർച്ച് ഗ്രൗണ്ടിൽ വച്ച് നടക്കും പാസ്റ്റർ കെ. എ. എബ്രഹാം ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, സി. വർഗീസ്സ്, രാജു പൂവക്കാല എന്നിവർ പ്രസംഗിക്കും. സെലസ്റ്റ്യൽ ബീറ്റ്സ് കൊല്ലം ഗാനങ്ങൾ ആലപിക്കും.

## പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഫെബ്രുവരി 3ന് വൈകിട്ട് 4 മണിക്ക് സെമിനാരി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു.








**Patmos Ministries India**

ഭാരത സുവിശേഷീകരണത്തിനായി അണിചേരു ◎ ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ ◎ പ്രാർത്ഥനാ ഗോപുരങ്ങൾ ◎ കോൺഫ്രൻസുകൾ ◎ ക്രൂസേഡുകൾ ◎ തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ ◎ ഓർഫനേജുകൾ ◎ മിഷൻസ്കൂളുകൾ ◎ ജീവകാരുണ്യ സഹായം ◎ ബൈബിൾ വിതരണം ◎ ടി.വി. മിനിസ്ട്രി ◎ സ്വയംതൊഴിൽ സംരംഭങ്ങൾ ◎ ആതുരസേവനങ്ങൾ ◎ കംമ്പ്യൂട്ടർ സെന്റർ ◎ അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

**പ്രാർത്ഥനയ്ക്കായി വിളിക്കൂ**

**പത്മോസ് പ്രയർ ടവർ**

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

ധ്യാനം

# വേലയും കാവലും; സന്തുലിത ശുശ്രൂഷകൾ!!



ഷൈജു ഡാനിയേൽ, അടൂർ

ദൈവീകമായി നൽകപ്പെടുന്ന ഉത്തരവാദിത്വങ്ങൾ എല്ലാം തുല്യപ്രാധാന്യമുള്ളതാണ്. സാഹചര്യങ്ങളെയും ബാഹ്യസമ്മർദ്ദങ്ങളെയും അടിസ്ഥാനമാക്കി അതിനെ വകതിരിച്ച് ഒന്ന് മറ്റൊന്നിനേക്കാൾ ഉയർന്നതെന്ന് നിർവ്വചിക്കാൻ പാടില്ല. കാരണം, ലഭിക്കുന്ന നിർദ്ദേശങ്ങളെക്കാൾ നിർദ്ദേശം നൽകിയവനെക്കുറിച്ചുള്ള അറിവ് ആയിരിക്കണം നമ്മെ സ്വാധീനിക്കേണ്ടത്. അതുകൊണ്ട് തന്നെ നിർദ്ദേശങ്ങളും കൽപ്പനകളും പാലിക്കാനുള്ള വ്യവസ്ഥകളും ആരിലൂടെ നൽകപ്പെട്ടരിക്കുന്നുവോ ആ വ്യക്തിയെ അടിസ്ഥാനമാക്കി അവയെല്ലാം തന്നെ ശ്രേഷ്ഠവും മൂല്യമുള്ളതുമാണ്. ദൈവം തരുന്ന എല്ലാ ശുശ്രൂഷകളും നിയോഗങ്ങളും ഉത്തരവാദിത്വങ്ങളും തുല്യ പ്രാധാന്യം ഉള്ളതായിരിക്കും.

നിലത്തെ പൊടി കുഴച്ചു മനുഷ്യനെ മെനഞ്ഞെടുത്ത ദൈവം അവനു പാർപ്പിനായി സൃഷ്ടിച്ചാക്കിയ മനോഹരമായ തോട്ടത്തിലേക്ക് അവനെയും കൂട്ടികൊണ്ട് പോകുന്ന ചിത്രം വർണ്ണാഭമാണ്!! പക്ഷെ തോട്ടത്തിലേക്ക് അവനെ പ്രവേശിപ്പിക്കുമ്പോൾ അലസമായ ഒരു നിലപാട് ദൈവം സ്വീകരിച്ചിരുന്നില്ല. രണ്ടു പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അവനു കൈമാറിക്കൊണ്ടായിരുന്നു ആദാമിന് അവിടേക്ക് ദൈവം പ്രവേശനം അനുവദിച്ചത്!!! തോട്ടം കാക്കുക, തോട്ടത്തിൽ വേല ചെയ്യുക ഇവയായിരുന്നു ആ നിർദ്ദേശങ്ങൾ!! പരസ്പര പൂരകങ്ങൾ ആയ രണ്ടു നിർദ്ദേശങ്ങൾ ആയിരുന്നു ദൈവം നൽകിയിരുന്നത്. അപ്പോൾ തന്നെ അവ രണ്ടും അതീവ പ്രാധാന്യമുള്ളവയും ആയിരുന്നു. പക്ഷെ കാലക്രമേണ ഈ രണ്ടു നിർദ്ദേശങ്ങളെയും ഒരുമിച്ചു കൊണ്ടുപോകാൻ ആദാമിനായില്ല. ഒന്ന് മറ്റൊന്നിനെക്കാൾ തനിക്കു പ്രാധാന്യമുള്ളതായി തോന്നിയപ്പോൾ രണ്ടു നിയോഗങ്ങളോടും ഒരുപോലെ പ്രതികരിക്കാൻ തനിക്കായില്ല!!

വേലയും കാവലും തുല്യമായ രണ്ടു ശുശ്രൂഷകൾ ആണ്. തോട്ടം കാത്തുകൊണ്ടായിരിക്കണം വേലകൾ നടത്തപ്പെടേണ്ടത്. കാവൽ മറന്നുള്ള വേലകൾ വലിയ ദുരന്തങ്ങൾ വരുത്തിവെയ്ക്കും. പാമ്പ് സ്ത്രീയെ സമീപിക്കുമ്പോൾ ആദം എവിടെ ആയിരുന്നു? തോട്ടത്തിൽ എവിടെയോ വേല ചെയ്യുകയായിരുന്നിരിക്കാം. വേല ചെയ്യുമ്പോൾ തന്നെ തോട്ടം കാക്കേണ്ട ചുമതലയും തന്നിൽ ദൈവം ഏല്പിച്ചിരുന്നു. പക്ഷെ വേലയിൽ മുഴുകിയവൻ കാവൽ മറന്നു പോയി!! ആദാമിന്റെ അഭാവത്തിൽ തന്റെ ഭാര്യയായ ഹൗവ്വായെ തന്ത്രപരമായ ചോദ്യങ്ങളിലൂടെ സമീപിക്കാൻ സാധ്യതയുണ്ടായിരുന്ന സാത്താന്റെ അടവു നയങ്ങളെ സർവ്വജ്ഞാനിയായ ദൈവം ദൂരവേ കണ്ടിരുന്നു. അതുകൊണ്ട് തന്നെ ആയിരുന്നു എപ്പോഴും തോട്ടം മുഴുവൻ നിരീക്ഷിച്ച് പിശാചിന്റെ പ്രവേശനത്തെ തടഞ്ഞു നിർത്തി ശക്തമായ കാവൽ ഏർപ്പെടുത്താൻ ആദാമിനെ ആക്കി വെച്ചത്. പക്ഷെ വേലയിലെ തിരക്കുകളിൽ ആദിമനുഷ്യൻ കാവൽ മറന്നു. ആ സമയം തന്ത്രശാലിയായ പിശാചു തോട്ടത്തിൽ കടന്നു കൗശലക്കാരനായ പാമ്പിലൂടെ സ്ത്രീയെ സമീപിച്ചു!! അവർ തമ്മിലുള്ള വാദങ്ങളും പ്രതിവാദങ്ങളും പുരോഗമിച്ചു ഒടുവിൽ ആ മഹാ ദുരന്തം സംഭവിക്കുകതന്നെ ചെയ്തു.!! നമ്മെ ഏൽപ്പിച്ച നിയോഗങ്ങളിൽ നിന്ന് നാം പിന്മാറുമ്പോഴോ അതിൽ അലസരായി തീരുമ്പോഴോ പ്രത്യക്ഷമായോ പരോക്ഷമായോ പൈശാചിക പ്രവർത്തനങ്ങൾക്കായി നാം ഇടം ഒരുക്കികൊടുക്കുകയാണ് അഥവാ ശത്രു സംഘങ്ങൾക്ക് അനായാസം പ്രവേശിക്കാൻ വാതിലുകൾ വിശാലമായി തുറന്നു കൊടുക്കുകയാണ്!

ആത്മീക ജീവിതത്തിന്റെ പ്രയാണ വഴികളിൽ ദൈവം നേരിട്ടേൽപ്പിക്കുന്ന എല്ലാ നിയോഗങ്ങളും ശുശ്രൂഷകളും ദൈവത്തിനു ഒരുപോലെ പ്രാധാന്യമുള്ളതാണ്. പ്രാരംഭ സമയങ്ങളിൽ വേലയും കാവലും തുല്യ നിയോഗങ്ങളായി കണ്ടുകൊണ്ടു യാത്ര തുടങ്ങുമെങ്കിലും തിരക്കുകലിൽ നിന്നും തിരക്കുകളിലെക്കും ശുശ്രൂഷകളിൽ നിന്നും ശുശ്രൂഷകളിലെക്കും നാം കയറുമ്പോൾ വേലയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയും മനപൂർവ്വമായോ അല്ലാതെയോ കാവൽ മറന്നുപോകുകയും ചെയ്യും. ദൈവമേല്പ്പിച്ച ഏതെങ്കിലും ശുശ്രൂഷകളിലെ ഗൗരവമില്ലായ്മ, നിരുത്തരവാദ സമീപനങ്ങൾ ഒക്കെ നമ്മുടെ ചിന്തകൾക്കപ്പുറമായ അപകടങ്ങളിലേക്ക് നമ്മെ എത്തിക്കാം. തിരക്കിട്ട വേലകളുമായി വേദികളിൽ നിന്നും വേദികളിലേക്ക് നാം പായുമ്പോൾ വ്യക്തിപരമായ ആത്മീക ജീവിതത്തിന്റെ ഇടിവുകൾ തിരിച്ചറിയുവാൻ നമുക്ക് മിക്കപ്പോഴും കഴിയാതെ വരുന്നു എന്നത് ഖേദകരമായ വസ്തുതയാണ്. പൊതുവേദികളിൽ നാം തിളങ്ങി നിൽക്കുമ്പോൾ വ്യക്തിപരമായ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന്റെ മതിലുകൾ ഉറപ്പുള്ളതാണോ എന്ന വിലയിരുത്തൽ അനിവാര്യമാണ്. വേലയിൽ ശക്തന്മാരായി പൊതുലോകം നമ്മെ കാണുമ്പോഴും ലോകമോഹങ്ങളുടെ സ്വാധീനങ്ങൾ നാം തുറന്ന വാതിലുകളിലൂടെ നമ്മിലേക്ക് പ്രവേശിക്കുന്നുണ്ടോ എന്ന് ശോധന ചെയ്യേണ്ടതാണ്. നാം ദൈവത്തിൻരെ മന്ദിരമാകയാൽ നമ്മുടെ കണ്ണ് വെട്ടിച്ച് ഈ ലോകത്തിന്റെ ചരക്കുകൾ നമ്മിൽ നിറക്കുവാൻ അഹോരാത്രം അത്യദ്ധ്വാനം ചെയ്യുന്ന സാത്താന്യവൃന്ദങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. നമ്മിലെ കാവലുകൾ അശക്തമാകുന്ന സമയങ്ങളിൽ നയപരമായ ചോദ്യങ്ങളുമായി നമ്മെ സമീപിക്കുകയും അതിനനന്തരം ആശയപരമായ ചാഞ്ചാട്ടങ്ങൾ നമ്മിൽ സൃഷ്ടിക്കുകയും ഒടുവിൽ വിലക്കപ്പെട്ടതിലേക്ക് നമ്മുടെ കൈകളെ ചലിപ്പിക്കുകയും ചെയ്യുന്ന പ്രതിലോമ ശക്തികളെ നാം വിവേകപൂർവ്വം തിരിച്ചറിയേണം.

വിത്ത് വിതച്ചതിനുശേഷം ദാസന്മാർ ഒന്നു മയങ്ങിയപ്പോഴേക്കും കളയുമായി വിത നടത്താൻ ശത്രു എത്തി!! ഉണർവ്വുകളെക്കാൾ ശത്രു നിരീക്ഷിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ മയക്കങ്ങൾ ആണ് എന്നത് നാം വിസ്മരിക്കരുത്. കേവലം മയക്ക സമയങ്ങൾ മതി ശത്രുവിന് തന്റെ പദ്ധതികൾ നടപ്പിലാക്കാൻ. അതിനാൽ തന്നെ വിത്തു വിതക്കുക മാത്രമല്ല, ശത്രു കളവിതക്കാതെ വയലിന് കാവൽ തീർക്കേണ്ട ചുമതലയും ദാസന്മാരിൽ യജമാനൻ ഏൽപ്പിച്ചിരിക്കുകയാണ്. ആത്മീക ജീവിതത്തിന്റെ സമസ്ത മേഘലകളിലും നമുക്ക് ശ്രദ്ധ ഉണ്ടാകണം. നമ്മുടെ നിരീക്ഷണം അൽപ്പമൊന്നു പിഴച്ചാൽ പ്രലോഭനങ്ങളുമായി സാത്താൻ പ്രവേശിക്കും എന്നതിൽ തർക്കമില്ല. വേലയ്ക്ക് വേണ്ടത് അധ്വാനം ആണെങ്കിൽ കാവലിനു വേണ്ടത് ശ്രദ്ധയാണ്. ദൈവരാജ്യത്തിനായി നാം കഠിനമായി അദ്ധ്വാനിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും പിശാചിന് ഇടം കൊടുക്കാതെ നമ്മുടെ കാവൽ ശക്തമാക്കാൻ കഴിയുന്നില്ല എങ്കിൽ നാം തോട്ടത്തിൽ നിന്നും പുറത്താക്കപ്പെടാം!!

ലേഖനം

# അമേരിക്ക, ഇന്ത്യ, ഇസ്രയേൽ ബന്ധം ശക്തമാകുന്നു



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

ലോകരാഷ്ട്രങ്ങൾ ഉറ്റു നോക്കുന്ന ഒരു വൻ ശക്തിയാണ് ഇന്ത്യ അമേരിക്ക ഇസ്രയേൽ ബന്ധം. പല കാര്യങ്ങളിലും ഏകികൃത സ്വഭാവം പുലർത്തുന്നവരാണ് ഈ മൂന്നു രാജ്യങ്ങളിലേയും ഭരണാധിപന്മാർ. ഭീകരതയെ പിന്തുണയ്ക്കുന്നവരെ ഒറ്റപ്പെടുത്തണമെന്ന് യുഎസ് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. വിദ്വേഷത്തിന്റേയും അക്രമത്തിന്റേയും ചിന്താഗതി ഇന്ന് ലോകത്തിൽ സാധാരണമായിട്ടുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തി മുതൽ ആഫ്രിക്ക വരെ ഭീകര സംഘടനകൾ താവളമുറപ്പിച്ച് ലോക രാജ്യങ്ങൾക്കെതിരെ പോരാടുകയാണ് എന്നും മോദി ഓർപ്പിച്ചു. ഇത് വെളിവാക്കുന്നത് ലോകം നേരിടുന്ന മതമൗലിക വാദത്തിനെതിരെയും ഭീകരതയ്ക്ക് എതിരേയും ഒരു പുതിയ ലോകക്രമം രൂപീകരിക്കപ്പെടുന്നു എന്നാണ്. ആ സമയത്തും അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യ രാഷ്ട്രങ്ങൾ, ഗാസ യുദ്ധത്തിനുശേഷം ഇസ്രയേൽ അനുവർത്തിക്കുന്ന നയങ്ങളെ വിമർശിക്കുന്നു; പ്രത്യേകിച്ചും ജൂത കുടിയേറ്റം സംബന്ധിച്ചുള്ളവയെ. അന്താരാഷ്ട്ര സമൂഹം ഇസ്രയേലിനെ ഒരു പുതിയ വിലയിരുത്തലിന് വിധേയമാക്കുമ്പോൾ, ഇസ്രയേലുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ തീരുമാനിച്ച ഏക രാഷ്ട്രം ഇന്ത്യയാണ്; അതു പോലെ തന്നെ ഇസ്രയേലിന് വിമർശനരഹിതമായി പിന്തുണ നൽകുന്ന ഏക രാഷ്ട്രവും ഇന്ത്യയാണ്. 'ഇന്ത്യയും ഇസ്രയേലും തമ്മിൽ കൂടുതൽ അടുത്ത ബന്ധം വേണം; കാരണം ലോകരാഷ്ട്രീയത്തിൽ ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇസ്രയേൽ ഒരു വലിയ പങ്കുവഹിക്കുന്നു'.ഇരു രാജ്യങ്ങളിലേയും രാഷ്ട്ര തലവന്മാർ തമ്മിലുള്ള ഉന്നതതല കൂടിക്കാഴ്ചക്ക് ശേഷം ഉയർന്നു വന്ന ആശയമാണിത്. മിക്ക സഖ്യരാഷ്ട്രങ്ങളും ഇസ്രയേലിനോട് അകലം പാലിച്ചപ്പോഴാണ് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡിയും ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും തമ്മിൽ ന്യൂയോർക്കിൽ കൂടിക്കാഴ്ച നടന്നത്. ഇന്ത്യ-ഇസ്രയേൽ സഹകരണത്തിന് "ആകാശമാണ് പരിധി" എന്ന് കൂടികാഴ്ചക്ക് ശേഷം നെതന്യാഹു പറഞ്ഞു. ഇതിനു കാരണമായത് ലോകരാഷ്ട്രീയത്തിൽ അടുത്തയിടെയുണ്ടായ ഏറ്റവും വലിയ സംഭവവികാസമായ ഇസ്ലാമിക രാഷ്ട്രത്തെപ്പറ്റി നെതന്യാഹുവിന്റെ അഭിപ്രായം തേടുകയായിരുന്നുവെന്ന് ഇന്ത്യയുടെ വിദേശകാര്യ വക്താവ് വെളിപ്പെടുത്തി.അമേരിക്കൻ പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയ്ക്കും "കൗൺസിൽ ഫോർ ഫോറിൻ റിലേഷൻസി"ന്റെ യോഗത്തിനും മുമ്പായിരുന്നു മോഡി പശ്ചിമേഷ്യൻ സംഭവവികാസങ്ങളെപ്പറ്റി നെതന്യാഹുനിന്റെ അഭിപ്രായം ആരാഞ്ഞതെന്നത് പ്രാധാന്യമർഹിക്കുന്നു. ഇസ്ലാമിക രാഷ്ട്രത്തെപ്പറ്റി ഇസ്രയേൽ പ്രധാനമന്ത്രിക്കുള്ള നിലപാട് അറിയാൻ ഇന്ത്യൻ പ്രധാനമന്ത്രിക്ക് അദ്ദേഹത്തെ സന്ദർശിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കാരണം യുഎൻ



പൊതുസഭയിലെ പ്രസംഗത്തിൽ നെതന്യാഹു നിലപാട് വ്യക്തമാക്കിയിരുന്നു. "ഹമാസും ഇസ്ലാമിക രാഷ്ട്രവും ഒരേ വിഷവൃക്ഷത്തിന്റെ ശാഖകളാണ്; നാസികളെപ്പോലെ ഭീകരതയിൽക്കൂടെ ലോകാധിപത്യം നേടാനാണ് രണ്ടുകൂട്ടരും ശ്രമിക്കുന്നത്" നെതന്യാഹു പറഞ്ഞു. ഇതിൽനിന്ന് വ്യത്യസ്തമായ ഒരു അഭിപ്രായം നെതന്യാഹുവിൽനിന്ന് മോഡിക്ക് ലഭിച്ചിരിക്കാനിടയില്ല. അതു കൊണ്ടാണ് ഇന്ത്യ അമേരിക്ക ഇസ്രയേൽ ബന്ധം ലക്ഷ്യമിടുന്നത് മതമൗലികവാദത്തിനെതിരെയും ആഗോള വ്യാപകമായ ഭീകരതയെ നേരിടുന്നതിന്റെ തന്ത്രത്തെപ്പറ്റിയുള്ള പദ്ധപ്രയോഗങ്ങളുമാണ്. ഈ രാഷ്ട്രങ്ങൾ നടത്തിയ സംയുക്ത പ്രസ്താവന ഇങ്ങനെയാണ് "അടുത്തകാലത്ത് ഞങ്ങൾ വർദ്ധമാനമായ ഒരു അന്താരാഷ്ട്ര സുരക്ഷാപ്രശ്നം നേരിടുകയാണ്. അമേരിക്കയും ഇന്ത്യയും ഇസ്രയേലും തമ്മിൽ ഭീകരവാദത്തെപ്പറ്റി പൊതുവായ ഒരു ധാരണയുണ്ട്; പ്രത്യേകിച്ചും മതമൗലികവാദവുമായി യോജിച്ചുവരുമ്പോൾ. ഇത്തരം പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിൽ ഇസ്രയേൽ വളരെയേറെ വിജയിച്ചിട്ടുണ്ട്". ഇങ്ങനെ നാം നേരിടുന്ന പ്രതിഭീകരതയ്ക്കുള്ള ഇന്ത്യ ഇസ്രായേൽ സംയുക്ത പ്രവർത്തനത്തിന്റെ അടിസ്ഥാനം ഇവിടെയാണ്. ഇസ്രയേലിലും അമേരിക്കയിലും ഇന്ത്യയിലും അസ്വസ്ഥജനകമായ ഒരു കാലാവസ്ഥ സംജാതമാകുമ്പോഴാണ് ഇസ്രയേലും അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ആത്മബന്ധത്തിന്റെ വളർച്ച. 'ഫോറിൻ അഫയേഴ്സ്' എന്ന പ്രസിദ്ധീകരണത്തിൽ ബറാക് മെൻഷേൽസൺ എഴുതി: "സമൂഹത്തിന്റെ പാർശ്വങ്ങളിൽനിന്ന് മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് വംശീയതയും തീവ്രവാദവും ഒന്നിച്ചു കടന്നുവന്നിരിക്കുന്നു. ആരും ഞെട്ടരുത്; അടുത്തകാലത്ത് നടന്ന സംഭവവികാസങ്ങൾ നിർഭാഗ്യവശാൽ ചൂണ്ടിക്കാണിക്കുന്നത് ലോകത്തിലെ പൊതുജനത്തിന്റെ ഒരുവിഭാഗം മതാധിഷ്ഠിത തീവ്രദേശീയതയുടെ സ്വാധീനത്തിലാണെന്നും അവരെ ഫാസിസത്തിന്റെ പിന്തുണയ്ക്കായി സംഘടിപ്പിക്കാൻ കഴിയുമെന്നുമാണ്". അതുകൊണ്ടാണ് ഇന്ത്യയിലെയും കാലാവസ്ഥ ഇതുതന്നെയെന്ന തിരിച്ചറിവ് നമുക്കുണ്ടാകുന്നത്. അമേരിക്കൻ ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിലുള്ള അമേരിക്കൻ ഭരണകൂടവുമായി ഇടപെടുന്നതിനു, ഭീകരതയെ നേരിടുന്നതിനായി പ്രായോഗി

04

## സംസ്ഥാന സ്കൂൾകലോത്സവം നേട്ടവുമായി പെന്തെക്കോസ്ത് വിദ്യാർത്ഥിനി



റാന്നി: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത കവിതാ രചനയിൽ എ ഗ്രേഡ് ഒന്നാം സ്ഥാനം നേടി കെ. നിതിയ പെന്തെക്കോസ്ത് സമൂഹത്തിന് അഭിമാനമായി മാറി. സംസ്ഥാന സ്കൂൾ സംസ്കൃതോത്സവത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ലഭിച്ച ഏക ഒന്നാംസ്ഥാനവും എ ഗ്രേഡുമാണിത്. ഡബ്ല്യു. എം.ഇ റാന്നി സെന്ററിലെ ചെത്തയ്ക്കൽ എലിം സഭാംഗമാണ്. എട്ടാം ക്ലാസ് മുതൽ തുടർച്ചയായ മൂന്ന് വർഷം സംസ്കൃത കവിതാ രചനയ്ക്കും സംഘഗാനത്തിനും സംസ്ഥാനത്ത് എ ഗ്രേഡ് നേടിയിട്ടുണ്ട്. മികച്ച നേട്ടം കൈവരിച്ച നിതിയയെ ഡബ്ല്യു.എം.ഇ യൂത്ത് ഫെല്ലോഷിപ്പ്, സണ്ടേസ്കൂൾ മിനിസ്ട്രി ഭാരവാഹികളായ ഡോ. എം.കെ. സുരേഷ്, രാജൻ മാത്യു, നിബു അലക്സാണ്ടർ, സതീഷ് തങ്കച്ചൻ എന്നിവർ അനുമോദിച്ചു.

# ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും – ഭാഗം 2



● സാംകുട്ടി മാത്യു

**തന്റെ നട്ടെല്ലിന്റെ കണ്ണികളെ ബന്ധിപ്പിച്ച് നിർത്തുവാൻ ശരീരത്തിനുള്ളിൽ 2004 – ൽ സ്ഥാപിച്ച് ടൈറ്റാനിയം ഇംപ്ലാന്റ് ഒടിഞ്ഞ് ശരീരത്തിനുള്ളിൽ ചിതറി. ചില ഭാഗങ്ങൾ ഹൃദയത്തിന് അടുത്തും ശ്വാസകോശത്തിനോടുചേർന്നും അപകടകരമായ നിലയിൽ എത്തിയിരുന്നു. ശരീരം നുറുങ്ങുന്ന വേദനയുമായി ജീവിച്ച അഞ്ജലിക്ക് ഒരു സർജറി സാധ്യമല്ല എന്ന മെഡിക്കൽ സയൻസിന്റെ വിധി മറികടന്ന് 2016 – ൽ ഡോ. ജേക്കബ് ഈപ്പൻ നടത്തിയ സർജറിയിലൂടെ പുറത്തെടുത്ത ഭാഗങ്ങൾ അഞ്ജലി ഇന്നും സൂക്ഷിച്ചു വച്ചിരിക്കുന്നു. അതൊരു സാക്ഷ്യമാണ്. തന്നെ വിടുവിച്ച ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാൻ താൻ സൂക്ഷിക്കുകയാണ് ഇത്.**



ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ഒന്നാം റാങ്ക് നേടിയ അഞ്ജലി അല്പനാൾ വിശ്രമത്തിനായി ഭവനത്തിലെത്തി. സുഷുമ്നയ്ക്ക് ചുറ്റും ഇട്ടിരുന്ന ടൈറ്റാനിയം ഇംപ്ലാന്റും അനുബന്ധ ഉപകരണങ്ങളും പൊട്ടി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ തറഞ്ഞിരിക്കുന്നതിന്റെ വേദന ഒരു വശത്ത്. ശരീരവും തലയും തമ്മിൽ ബന്ധമില്ലാത്ത അവസ്ഥയിൽ ചെറിയ ആഘാതം പോലും ശരീരത്തെ പൂർണ്ണമായി തളർത്തിക്കളയുമെന്ന ഡോക്ടർമാരുടെ മുന്നറിയിപ്പ്. എന്നാൽ തനിക്ക് വന്നു ഭവിച്ചതൊക്കെ ദൈവഹിതത്താലാണെന്നും ദൈവീകവാഗ്ദത്തങ്ങൾ മാത്രമേ വിജയിക്കൂ എന്നുമുള്ള അഞ്ജലിയുടെ ഉറച്ച വിശ്വാസം മറുവശത്ത്. എല്ലാം നന്മയ്ക്കായികൂടി വ്യാപരിപ്പിക്കുന്ന ദൈവീക കരുതലിന്റെ ഉറപ്പോടെ അഞ്ജലി ജീവിതത്തിൽ വേദനകളെ സഹിഷ്ണതയോടെ നേരിട്ടു. കൊല്ലം അസീസിയാ ഹോസ്പിറ്റലിൽ ജോലിക്കായി കടന്നുപോയ അഞ്ജലിക്ക് ജോലിയുടെ ഭാഗമായി ഉറക്കിളപ്പും പടികൾ കയറിയിറങ്ങുന്നതുമൊക്കെ ശരീരത്തിന് താങ്ങാവുന്നതിനുമപ്പുറമായിരുന്നു. 2016 സ്പെറ്റംബറിൽ വീണ്ടും ശരീരം തളർച്ചയിലേക്ക് നീങ്ങി. ശരീരവും തലയും തമ്മിൽ ബന്ധമില്ലാത്ത സാഹചര്യത്തിൽ കഴുത്ത് ഒടിഞ്ഞ് തല മുന്നോട്ട് തൂങ്ങി. ആ



അഞ്ജലിയുടെ കഴുത്ത് ഒടിഞ്ഞുതൂങ്ങിയനിലയിൽ

ശുപത്രികൾ കയറിയിറങ്ങിയെങ്കിലും ഗുരുതരാവസ്ഥകണ്ട് പകച്ചു നിൽക്കുവാനല്ലാതെ ആരും അഞ്ജലിയെ ചികിത്സിക്കുവാൻ ധൈര്യപ്പെട്ടില്ല. ഒടുവിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെത്തി. സ്പൈൻ സർജറി കൺസൾട്ടന്റ് ആയ ഡോ. ജേക്കബ് ഈപ്പൻ നൽകിയ “ശ്രമിച്ചുനോക്കാം” എന്ന വാക്ക് മാതാപിതാക്കളായ മാത്യൂസിനും റീനയ്ക്കും ചെറിയ പ്രതീക്ഷ നൽകി. മെഡിക്കൽ റിപ്പോർട്ടുകൾ വിദേശത്തേക്ക് അയച്ചും അത്യാനുധിക സൗകര്യങ്ങളൊരുക്കിയും ചികിത്സയ്ക്ക് ക്രമീകരണങ്ങൾ നടത്തി. അഞ്ജലിയുടെ രോഗം എന്താണെന്ന് ഒടുവിൽ കണ്ടെത്തി. ന്യൂറോ ഫൈബ്രോമ എന്ന മാരക രോഗം സ്പൈനൽ കോഡിനെ ബാധിച്ചതുനിമിത്തം അഞ്ച് കണ്ണികൾ ദ്രവിച്ച് പോയിരിക്കുന്നു. സ്പൈനൽ കോഡിൽ രൂപപ്പെട്ട വലിയ മുഴ. ഹൃദയത്തിനടുത്ത് അപകടകരമായ നിലയിൽ എത്തിനിൽക്കുന്ന കമ്പി നീക്കണമെങ്കിൽ നെഞ്ച് തുറന്ന് സർജറി ചെയ്യണം. ഹൃദയവും ശ്വാസകോശവും ഉയർത്തി നിർത്തിയ ശേഷം പിൻവശവും തുറന്ന് നട്ടെല്ലിനടുത്തുള്ള കമ്പികൾ നീക്കണം. നശിച്ചുപോയ കണ്ണികൾക്ക് പകരം കാലിൽ നിന്ന് അസ്ഥിയുടെ ഭാഗം എടുത്ത് ഗ്രാഫ്റ്റ് ചെയ്യണം. വൈദ്യശാസ്ത്രത്തിനുപോലും മനസ്സിലാക്കുവാൻ കഴിയാത്ത ഗുരുതരമായ സാഹചര്യം. അതുകൊണ്ടുതന്നെയാണ് ഡോക്ടർമാരെല്ലാവരും ഈ കേസ് ഏറ്റെടുക്കുവാൻ തയ്യാറാകാതിരുന്നത്. അഞ്ജലി എന്ന പെൺകുട്ടിയെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരിക എന്നത് ഒരിക്കലും സാധ്യമാകയില്ല എന്ന തിരിച്ചറിവാകാം അവരെ പുറകോട്ട് വലിച്ചത്. എന്നാൽ അവിടെ അഞ്ജലി അവർക്കെല്ലാം അത്ഭുതമായി മാറി. സർജറിക്ക് തയ്യാർ എന്ന് പുഞ്ചിരിയോടെ പറഞ്ഞ അഞ്ജലിയുടെ ധൈര്യം ഡോക്ടർമാരെ സമ്മതിപ്പിച്ചു. മരണം അല്ലെങ്കിൽ തളർന്ന ശരീരം ഇതല്ലാതെ ജീവിതത്തിലേക്ക് ഒരു മടങ്ങിവരവ് ഉണ്ടാകുകയില്ല എന്ന് വൈദ്യശാസ്ത്രത്തിന്റെ ബലത്തിൽ ഡോക്ടർമാർ വിശ്വസിച്ചു.

സർജറിക്കായി ഒരുങ്ങുമ്പോൾ ഭവനത്തിൽ വിശ്രമിക്കവെ താൻ കണ്ട ഒരു ദർശനം സർജറിയുടെ ഗുരുതരാവസ്ഥ അഞ്ജലിയെ ബോധ്യപ്പെടുത്തി. ഭവനത്തിലേക്ക് കയറുവാൻ ശ്രമിക്കുന്ന ഒരു മരണദൂതൻ, എന്നാൽ പുറകെ ഒരുപറ്റം ദൂതന്മാർ ഭവനത്തിനുചുറ്റും ഊരിപിടിച്ച വാളുമായി കാവലിനെത്തി. മരണദൂതനെ അകത്തേക്ക് വിടാതെ അവർ അവിടെ നിന്നു. യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി വിടുവിക്കുന്നു എന്ന വചനം തന്റെ ഹൃദയത്തിലേക്ക് ശക്തിയായി, ധൈര്യമായി ആഴ്ന്നിറങ്ങി. സങ്കീർണ്ണമായ സർജറിയിൽ പ്രശ്നങ്ങൾ ഉണ്ടായാലും ദൈവീക വിടുതൽ ഉണ്ടെന്ന ഉറപ്പ് പ്രാപിച്ച അഞ്ജലിക്ക് അതുകൊണ്ടുതന്നെ മടിച്ചുനിന്ന ഡോക്ടർമാരോട് ഓപ്പറേഷന് തയ്യാറെന്ന് പുഞ്ചിരിയോടെ പറയുവാൻ കഴിഞ്ഞു. മാത്രമല്ല അഞ്ജലി എന്ന ദൈവപൈതലിനുവേണ്ടി പ്രാർത്ഥിക്കുവാൻ ലോകത്തിന്റെ പലകോണുകളിലും ദൈവം ആളുകളെ ഒരുക്കി. തന്നെ അറിയാത്തവർപോലും ഈ പെൺകുട്ടിക്കുവേണ്ടി ദൈവത്തോടെ മധ്യസ്ഥത അണച്ചു. അവിടെ ദൈവത്തിന്റെ പ്രവൃത്തി ആരംഭിക്കുകയായിരുന്നു. ഡോക്ടർ ജേക്കബ് ഈപ്പന്റെ നേതൃത്വത്തിൽ ഡോക്ടർമാരുടെ വലിയൊരുസംഘം സർജറിക്കായി ഒരുങ്ങി. മാനേജ്മെന്റിന്റെ പ്രത്യേക പെർമിഷനോടെ സഭാശുശ്രൂഷകൻ ആ ഫ്ളോറിൽ ആത്മനിറവിൽ ആരാധന നടത്തുകയും പ്രാർത്ഥനയോടെ അഞ്ജലിയെ തിയറ്ററിലേക്ക് അയക്കുകയും ചെയ്തു. അപ്പോഴും ഡോക്ടർമാർ പ്രതീക്ഷിക്കുന്നത് അഞ്ജലിയെ ഓപ്പറേഷന് ശേഷം ആരോഗ്യത്തോടെ നടക്കുവാൻ കഴിയുന്ന ഒരു പെൺകുട്ടിയായി കാണാമെന്നല്ല. മരണത്തിൽ നിന്ന് ഒരു വിടുതൽ ഒപ്പം വേദനയിൽ നിന്നും. മരണത്തെ കീഴടക്കിയാലും തളർന്ന ശരീരത്തോടെ ജീവിതത്തിന്റെ ശിഷ്ടകാലം കഴിയേണ്ടിവരുമെന്ന മുന്നറിയിപ്പാണ് അവർ മാതാപിതാക്കൾക്ക് നൽകിയിരുന്നത്.

ദൈർഘ്യമേറിയ ശസ്ത്രക്രിയയ്ക്ക് ഒടുവിൽ രക്തപ്രവാഹം നിലയ്ക്കുന്നില്ല. പൈപ്പിൽ നിന്ന് ജലപ്രവാഹം പോലെ രക്തം ചീറ്റുകയാണ്. നാല്പത്തിയഞ്ച് യൂണിറ്റ് രക്തം കയറ്റിയതെല്ലാം പുറത്തേക്ക് ഒഴുകി. നട്ടെല്ലിലെ മുഴ നീക്കുവാനുള്ള ശ്രമത്തിൽ ട്യൂമർ മുറിച്ചപ്പോൾ തന്നെ രക്തം ചീറ്റുവാൻ ആരംഭിച്ചു. ഹൃദയത്തിനടുത്തായതിനാൽ ഡയറക്ട് ബ്ലഡ് സപ്ലൈ ആണ് ട്യൂമറിലുണ്ടായിരുന്നത്. ആന്തരിക അവയവങ്ങൾ രക്തത്തിൽ മുങ്ങി. ശരീരത്തിലെ രക്തമെല്ലാം നഷ്ടപ്പെട്ടു. എച്ച്.ബി. മൂന്നിലെത്തി. പ്രഷർ ഒട്ടുമില്ല. മരണത്തിലേക്കു മെല്ലെ അടുക്കുന്ന സാഹചര്യം. ഉച്ചയ്ക്ക് 1:45 ന് ആരംഭിച്ച ഓപ്പറേഷന് ഒടുവിൽ 10 മണിക്ക് പുറത്തെത്തിയ ഡോക്ടർ പറഞ്ഞത് “ഞങ്ങൾക്ക് ചെയ്യാവുന്നതെല്ലാം ചെയ്തു. നിങ്ങൾ പ്രാർത്ഥിക്കുക”. സ്റ്റിച്ച് ഇടാൻ കഴിയാത്ത സാഹചര്യം. മെഡിക്കൽ എത്തിക്സിന് വിപരീതമായി അവർ ഗോസ്പാഡും പഞ്ഞിയും ഉള്ളിൽ വെച്ച് തുന്നികെട്ടി. മരുന്നുകൾ ഒന്നൊന്നായി ആ ശരീരത്തിൽ കയറിയിറങ്ങി. ഐ.സി.യുവിലേക്ക് അഞ്ജലിയെ മാറ്റി. ഇനിയെല്ലാം ദൈവത്തിന്റെ കൈകളിലെന്ന് പറഞ്ഞ് ഇറങ്ങിവന്ന ഡോക്ടർമാരുടെ വാക്കുകൾ മാതാപിതാക്കൾക്ക് താങ്ങുവാൻ കഴിഞ്ഞില്ല. മകൾ മരണത്തിലേക്ക് നീങ്ങുകയാണോ എന്ന ചിന്തയോടെ അവർ ഐ.സി.യുവിന് വെളിയിൽ പ്രാർത്ഥനയോടെ ഇരുന്നു. അഞ്ജലിയുടെ മരണശേഷം മൃതശരീരവുമായി എവിടേക്കാണ് പോകേണ്ടത് എന്ന ചിന്തയായി മനസ്സിൽ. മാതാവിന്റെ ഭവനമായ മാവേലിക്കര വീട്ടിലേക്കാണോ കരുനാഗപ്പള്ളിയിലെ വീട്ടിലേക്കാണോ എന്ന ചിന്ത മനസ്സിലേക്ക് വന്നപ്പോൾ പിടയ്ക്കുന്ന ഹൃദയവുമായി ആ മാതാപിതാക്കൾ അവസാനമായി അഞ്ജലിയെ കാണുവാനായി ഐ.സി.യുവിലേക്ക് ഓടിച്ചെന്നു. അവിടെ അവരെ കാത്തിരുന്നത് വലിയ



ഒരു അത്ഭുതമാണ്. അഞ്ജലിക്ക് ബോധം തിരിച്ചുകിട്ടിയിരിക്കുന്നു. നിറക്കണ്ണുകളോടെ എത്തിയ മാതാപിതാക്കളെ അവൾ ബലഹീനമായ കൈകൾ അനക്കി തന്റെ അടുത്തേക്ക് വിളിച്ചു. അതറിഞ്ഞ് ആസ്റ്റർ മെഡ്സിറ്റിയിലെ എല്ലാ ഡോക്ടർമാരും അവിടേക്ക് ഓടിയെത്തി. ആ രാത്രി അത്ഭുതം നടക്കുകയായിരുന്നു. മരണത്തിനും ജീവനുമിടയിലായി അഞ്ജലി സഞ്ചരിച്ചുകൊണ്ടിരുന്നു. തന്നെ കീഴടക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന മരണത്തെ അതിജീവിച്ച് അവൾ ജീവനിലേക്ക് മടങ്ങിയെത്തി. അവൾ ആ രാത്രിയിൽ, മരണം വാതിൽക്കൽ എത്തിയ ആ രാത്രിയിൽ മനോഹരമായ ഒരു ദർശനം കണ്ടു. വെള്ളവസ്ത്രം അണിഞ്ഞ് യേശുകർത്താവ് പടികൾ കയറിപ്പോകുന്നു. അവനോടൊപ്പം എത്തുവാൻ കഴിയാതെ വിഷമിച്ച അഞ്ജലിയോട് അവൻ പറഞ്ഞു “നിനക്കായി പ്രാർത്ഥിക്കുന്ന അനേകർ ഭൂമിയിലുണ്ട്. നീ ഇപ്പോൾ എന്നോടൊപ്പം വരേണ്ട. നിനക്ക് നിർവ്വഹിക്കുവാനുള്ള ദൗത്യം ഞാൻ അവിടെ ഏൽപ്പിച്ചിട്ടുണ്ട്. അവിടേക്ക് മടങ്ങുക”.

തന്റെ ശരീരത്തിലെ ഗുരുതര സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വൈദ്യശാസ്ത്രം എഴുതിയ വിധി ഒന്നുകിൽ മരണം അല്ലെങ്കിൽ ജീവിതകാലം മുഴുവനും ശയ്യാലംബയായി തളർന്ന് കിടക്കുക എന്നതായിരുന്നു. എന്നാൽ ദൈവത്തെ പൂർണ്ണമായി വിശ്വസിച്ച അഞ്ജലി അവന്റെ വാക്കുകളെ മുറുകെ പിടിച്ചു. വൈദ്യശാസ്ത്രത്തിന്റെ വിധിയെ മാറ്റിയെഴുതി അവൾ ജീവിതത്തിലേക്ക് നടക്കുകയാണ്. പുറകിലേക്ക് തിരിഞ്ഞുനോക്കി താൻ നടന്നു വന്ന വഴികൾ തിരിച്ചറിഞ്ഞ് അനേകരോട് തന്നെ വിടുവിച്ച തന്റെ ആത്മപ്രീയനെക്കുറിച്ച് പറയുകയാണ്. ഞാൻ കഷ്ടതയിലായത് ഏറെ ഗുണമായെന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ പോലെ ദൈവം തനിക്ക് നൽകിയ അനുഭവങ്ങൾ മറ്റുള്ളവർക്ക് ആശ്വാസത്തിനും വിടുതലിനുമായി അഞ്ജലി ഉപയോഗിക്കുകയാണ്. തനിക്കായി പ്രാർത്ഥിച്ചവർ, സർജറിക്കുവേണ്ടി വലിയ തുക ആവശ്യമായി വന്നപ്പോൾ ആവശ്യപ്പെടാതെ സഹായഹസ്തവുമായി എത്തിയ കൂട്ടുകാർ, വാക്കുകൾകൊണ്ട് ധൈര്യപ്പെടുത്തിയ ഇവരെയെല്ലാം അഞ്ജലി നന്ദിയോടെ സ്മരിക്കുന്നു. മാവേലിക്കര ചെറുകോലുള്ള മാതൃഭവനത്തിൽ വിശ്രമിക്കുന്ന അഞ്ജലിക്ക് എത്തുന്ന ഫോൺകോളുകൾ അനവധി. ജീവിതത്തിന്റെ പ്രതിസന്ധികളിൽ പലരും അഞ്ജലിയെ വിളിക്കുന്നത് ആശ്വാസത്തിനുവേണ്ടിയാണ്. അഞ്ജലിയുടെ വാക്കുകൾ അവർക്ക് നൽകുന്നത് വലിയ ധൈര്യവും ആശ്വാസവും. ക്രിസ്തുവിന്റെ സ്നേഹവും ദൈവം നൽകിയ വചനങ്ങളും പങ്കിടുക എന്നത് തന്റെ ദൗത്യമായി അഞ്ജലി കരുതുന്നു. തന്നെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ അഞ്ജലി ദൈവീക ദൗത്യം പൂർത്തിയാക്കുക എന്ന ജീവിതലക്ഷ്യത്തിലാണ്. അഞ്ജലിയുമായി സംസാരിക്കുമ്പോൾ മുഖത്തുവിരിയുന്ന പുഞ്ചിരിയും ദൈവീക കരുതലിനെക്കുറിച്ചും വിടുതലിമെറിച്ചും പറയുന്ന വാക്കുകളും നമ്മിലേക്ക് പകരുന്നത് ഒരു പോസിറ്റീവ് എനർജി തന്നെയാണ്. 14–ാം വയസ്സിൽ ആരംഭിച്ച വേദനയുടെ ട്രാക്കിലൂടെയുള്ള ഓട്ടം 26–ാം വയസ്സിൽ പൂർണ്ണമായിട്ടില്ല. സർജറിയുടെയും മറ്റും അല്പമായ പ്രയാസത്തോടെ വിശ്രമിക്കുന്ന അഞ്ജലിയുടെ കണ്ണുകളിൽ കാണുന്നത് പ്രത്യാശയുടെയും ധൈര്യത്തിന്റെയും മിന്നലാട്ടമാണ്. അത് ക്രിസ്തുവിലൂടെ ലഭ്യമായതാണ്. ഞാനും പാസ്റ്റർ ഗ്ലാഡ്സണും പ്രാർത്ഥിച്ചിറങ്ങുമ്പോൾ ബലഹീന കരങ്ങൾ വീശി അഞ്ജലി യാത്ര അയക്കുവാൻ വാതിൽക്കൽ നിന്നിരുന്നു. ഒരു അത്ഭുതമാണ് അവിടെ നിൽക്കുന്നത്. ദൈവം തന്റെ വലങ്കരം നീട്ടി മരണത്തിൽ നിന്നും വലിച്ചെടുത്ത അത്ഭുതം അഥവാ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷി.

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 03

BELIEVERS JOURNAL

PUBLISHED ON 10/02/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.